# എറണാകുളം മിസ്സം

# ERNAKULAM MISSAM

English & Malayalam Monthly

Vol. No. 66 Issue No. 3 March 2023 Rs. 15/-








Saint Euphrasia Eluvathingal

# എറണാകുളം മിസ്സം

**ERNAKULAM MISSAM**

English & Malayalam Monthly

Vol. No. 66 Issue No. 3 March 2023 Rs. 15/-






| | |
|---|---|
| 4. | പ്രാർത്ഥനയിൽ അനുസ്മരിക്കാൻ |
| 5. | നോമ്പുകാല സന്ദേശം |
| 11. | സർക്കുലർ - യാമപ്രാർഥനകൾ |
| 15. | കെ.സി.ബി.സി. - മദ്യവിരുദ്ധ സന്ദേശം |
| 23. | കച്ചേരിക്കാര്യം |
| 23. | Transfers/Appointments |
| 29. | നിര്യാതരായി |
| 34. | വാർത്തകളും വിശേഷങ്ങളും |
| 36. | AICO |
| 37. | ഫാമിലി യൂണിറ്റ്സ് |
| 38. | വിശ്വാസപരിശീലന കേന്ദ്രം |
| 41. | ഫാമിലി അപ്പോസ്റ്റലേറ്റ് |
| 42. | ഇവാഞ്ചലൈസേഷൻ & പ്രെയർ ഗ്രൂപ്പ്സ് |
| 43. | നൈപുണ്യ ഇന്റർനാഷണൽ |
| 45. | സഹൃദയ (അതിരൂപതാ സോഷ്യൽ സർവ്വീസസ്) |
| 49. | അതിരൂപതാ ഡയറി |



**Editor: Fr. Biju Varghese**

**Office:**
The Major Archeparchial Curia
Major Archbishop's House, Ernakulam
P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906

**Website & E-mail**
www.ernakulamarchdiocese.org
missamekm@gmail.com

**Printed and Published by**
Fr. Biju Varghese for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524 , Lisie Hospital Road, Ernakulam Dist., Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.

എറണാകുളം മിസ്സം

# പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

| Name & Parish | Birth | Ordn. | Death |
|---|---|---|---|
| Fr. Mampilly Joseph, N. Parur | 1886 | 1915 | 1-3-1935 |
| Fr. Thelakkat Xavier, East Cheranalloor | 1966 | 1993 | 1-3-2018 |
| Fr. Karedan Thomas, Muringoor | 1913 | 1937 | 6-3-1985 |
| Fr. Puduchery Thomas, Edad | 1926 | 1955 | 7-3-2008 |
| Fr. Kadavil Valiya Mathew, Pallipuram | 1884 | 1913 | 8-3-1964 |
| Fr. Elamkunnapuzha Paul, N. Parur | 1879 | 1905 | 8-3-1969 |
| Fr. Puthenkary John, Uzhuva | 1903 | 1933 | 9-3-1971 |
| Fr. Parayil Joseph, Vechoor | 1902 | 1929 | 10-3-1966 |
| Fr. Maniamkot Varghese, Chethikode | 1872 | 1897 | 12-3-1950 |
| Fr. Kavalakkatt Joseph, Kadukutty | 1869 | 1920 | 12-3-1955 |
| Fr. Kavalakkatt Antony, Annanad | 1940 | 1968 | 13-3-2017 |
| Fr. Thottappilly Joseph, Kaippattoor | 1931 | 1960 | 15-3-2012 |
| Fr. Pazhemadom Varghese, Vallakom | 1926 | 1954 | 16-3-2005 |
| Fr. Kottakal Joseph, Kavaraparambu | 1935 | 1961 | 16-3-2021 |
| Fr. Edangarpilly Jacob, Kumbalam | 1882 | 1911 | 22-3-1952 |
| Fr. Pulikalan Joseph, Cheranalloor | 1864 | 1889 | 23-3-1942 |
| Fr. Thazhathu John, Kothavara | 1891 | 1919 | 23-3-1983 |
| Mar Antony Cardinal Padiyara, Manimala | 1921 | 1945 | 23-3-2000 |
| Fr. Thenayan Thomas, Kanjoor | 1930 | 1959 | 24-3-2015 |
| Fr. Mampilly Kuriakose, Narakkal | 1951 | 1976 | 24-3-2017 |
| Fr. Parappuram Joseph, Amballoor | 1953 | 1978 | 27-3-2022 |
| Fr. Maniamkot John, Chethikode | 1880 | 1912 | 29-3-1945 |
| Fr. Vadapuram Joseph, Chalil | 1932 | 1962 | 29-3-1997 |
| Fr. Chiramel George, Manjapra | 1916 | 1947 | 30-3-2010 |
| Fr. Malamel Gheevarghese, South Parur | 1854 | | 31-3-1906 |
| Fr. Koikara Joseph, Puthenpally | 1889 | 1915 | 31-3-1950 |



# നോമ്പുകാല സന്ദേശം

ഫ്രാൻസിസ് മാർപാപ്പ

### "തപസ്സുകാല അനുതാപവും സിനഡാത്മക സഞ്ചാരവും"

പ്രിയ സഹോദരീസഹോദരന്മാരേ,

മത്തായിയുടെയും മർക്കോസിന്റെയും ലൂക്കായുടെയും സുവിശേഷങ്ങൾ യേശുവിന്റെ രൂപാന്തരണത്തിന്റെ വിവരണം നല്കുന്നു. തന്നെ മനസ്സിലാക്കാൻ പരാജയപ്പെട്ട ശിഷ്യന്മാരോടുള്ള യേശുവിന്റെ പ്രതികരണമാണ് നാം അവിടെ കാണുന്നത്. അതിന് അല്പംമുമ്പായി ഗുരുവും ശിമയോൻ പത്രോസും തമ്മിൽ ഗൗരവമായ ഒരു അഭിപ്രായവ്യത്യാസ പ്രകടനം നടന്നിരുന്നു. യേശുവിനെ ക്രിസ്തുവും ദൈവപുത്രനും ആയി പ്രഖ്യാപിച്ച പത്രോസിന് അവിടത്തെ പീഡാനുഭവത്തിന്റെയും കുരിശുമരണത്തിന്റെയും പ്രവചനം ഉൾക്കൊള്ളാനായില്ല. അതിനാൽ യേശു പത്രോസിനെ ശക്തമായി ശകാരിച്ചു: "സാത്താനേ, നീ എന്റെ പിന്നിലേക്കു പോകു, നീ എനിക്കു തടസ്സമാണ്. കാരണം, നീ ചിന്തിക്കുന്നത് ദൈവികകാര്യങ്ങളല്ല, മാനുഷികകാര്യങ്ങളാണ്" (മത്താ 16:23). ഇതിനെ തുടർന്ന്, "യേശു ആറുദിവസം കഴിഞ്ഞ് പത്രോസ്, യാക്കോബ്, അവന്റെ സഹോദരൻ യോഹന്നാൻ

എന്നിവരെമാത്രം കൂട്ടിക്കൊണ്ട് ഒരുയർന്ന മലയിലേക്കു പോയി” (മത്താ 17:1).

എല്ലാവർഷവും തപസ്സുകാലത്തിലെ രണ്ടാംഞായറാഴ്ച രൂപാന്തരണത്തിന്റെ സുവിശേഷം വായിച്ചുവരുന്നു. ആരാധനക്രമത്തിലെ ഈ കാലഘട്ടത്തിൽ കർത്താവ് നമ്മെ തന്നോടൊപ്പം വേറൊരു സ്ഥലത്തേക്കു മാറ്റിനിറുത്തുന്നു. നമ്മുടെ സാധാരണയുള്ള ചുമതലകൾ നമ്മെ നാം സാധാരണയായി ആയിരിക്കുന്നിടത്തുതന്നെ നിലകൊള്ളാനും നാം പലപ്പോഴും ആവർത്തിച്ചുചെയ്യുന്നതും വിരസത ഉളവാക്കുന്നതുമായ ദൈനംദിന പ്രവൃത്തികൾ നിർവഹിക്കാനും നിർബന്ധിക്കുമ്പോൾ യേശുവിനോടൊത്ത് “ഒരുയർന്ന മലയിലേക്കു” കയറിപ്പോകാനും അങ്ങനെ ദൈവത്തിന്റെ വിശുദ്ധ ജനമെന്ന നിലയ്ക്ക് സവിശേഷമായ ഒരു ആധ്യാത്മിക അച്ചടക്കത്തിന്റെ (താപസവൃത്തി - ‘അഷേസിസ്’ എന്ന് ലത്തീനിൽ) അനുഭവത്തിൽ ജീവിക്കാനുമായി തപസ്സുകാലം നമ്മെ ക്ഷണിക്കുന്നു.

തപസ്സുകാല അനുതാപം എന്നത് നമ്മുടെ വിശ്വാസകുറവിനേയും യേശുവിനെ കുരിശിന്റെ പാതയിൽ അനുഗമിക്കുന്നതിനുള്ള നമ്മുടെ വിമുഖതയെയും മറികടക്കുന്നതിനുള്ള കൃപാവരങ്ങൾ പരിപോഷിപ്പിക്കപ്പെടുന്ന ഒരു പ്രതിജ്ഞാബദ്ധതയാണ്. ഇതുതന്നെയായിരുന്നു പത്രോസും ഇതരശിഷ്യരും ചെയ്യേണ്ടിയിരുന്നത്. ഗുരുവിനെകുറിച്ചുള്ള അറിവ് ആഴപ്പെടുത്താനും, സ്നേഹത്താൽ പ്രചോദിതരായി സമ്പൂർണ സ്വയംദാനംവഴി നേടിയെടുക്കപ്പെട്ട, അവിടത്തെ രക്ഷയുടെ രഹസ്യത്തെ പൂർണമായി മനസ്സിലാക്കാനും അതിനെ ആശ്ലേഷിക്കാനുമായി നമ്മെ അവിടന്നു വേർതിരിച്ചു നിറുത്താനും കേവലസാമാന്യതയിൽ നിന്നും വ്യർഥതയിൽ നിന്നും വേർതിരിക്കപ്പെടാനും നാം നമ്മെത്തന്നെ അനുവദിക്കണം. അതിനായി നാം ഒരു യാത്രയ്ക്കു തയ്യാറാവണം; മലകയറുന്നതുപോലെ മുകളിലേക്കുള്ള ഒരു യാത്രയാണിത്; അതിന് പ്രയത്നവും ത്യാഗവും ഏകാഗ്രതയും ആവശ്യമുണ്ട്. ഒരു സഭ എന്ന നിലയ്ക്ക് ഇന്ന് നാം പ്രതിജ്ഞാബദ്ധരായിരിക്കുന്ന സിനഡാത്മക സഞ്ചാരത്തിനും അവ അനിവാര്യമാണ്. ആകയാൽ, തപസ്സനുഷ്ഠാനവും സിനഡാത്മക അനുഭവവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള വിചിന്തനം വളരെ ഉപകാരപ്രദമായിരിക്കും.

താബോർമലയിലേക്കുള്ള തന്റെ ‘പിൻവാങ്ങലിൽ’ (retreat) യേശു മൂന്ന്ശിഷ്യന്മാരെ കൂടെകൊണ്ടുപോയി; അസാധാരണമായ ആ

സംഭവത്തിന് സാക്ഷികളാകാൻ തിരഞ്ഞെടുക്കപ്പെട്ടവരായിരുന്നു അവർ. എന്നാൽ, കൃപയുടെ ആ അനുഭവം പങ്കുവെയ്ക്കപ്പെടണമെന്ന് യേശു ആഗ്രഹിക്കുന്നു; അത് അവരുടേത് മാത്രമായി അവശേഷിക്കാൻ പാടില്ല; നമ്മുടെ വിശ്വാസജീവിതം എന്നതുതന്നെ പങ്കുവെയ്ക്കപ്പെടുന്ന ഒരു അനുഭവം ആണല്ലോ! എന്തെന്നാൽ, ഒത്തൊരുമിച്ചാണല്ലോ നാം യേശുവിനെ അനുഗമിക്കുന്നത്. സമയബന്ധിതമായിരിക്കുന്ന ഒരു തീർത്ഥാടക സഭ എന്ന നിലയിൽ നാം ഒരുമിച്ചാണ് ആരാധനാവർഷവും അതിന്റെ ഭാഗമായിരിക്കുന്ന തപസ്സുകാലവും ആചരിക്കുന്നതും അനുഭവിക്കുന്നതും; അതായത്, നമ്മുടെ സഹയാത്രികരോടൊപ്പം, കർത്താവ് നമുക്ക് നൽകിയിട്ടുള്ളവരോടൊപ്പം, നടന്നുകൊണ്ട്. യേശുവിന്റെയും ശിഷ്യന്മാരുടെയും താബോർ മലകയറ്റംപോലെ നമ്മുടെ തപസ്സുകാലസഞ്ചാരവും സിനഡാത്മകം ആണെന്ന് നമുക്ക് പറയാനാകും; കാരണം, അതു നാം ഒരേ ഗുരുവിന്റെ ശിഷ്യർ എന്ന നിലയിൽ ഒരേയൊരു പാതയിൽ ഒരുമിച്ചു നടക്കുന്നതാണ്. എന്തെന്നാൽ, യേശുതന്നെയാണ് 'വഴി' എന്ന് നമുക്കറിയാം. അതിനാൽ, ആരാധനക്രമപരമായ സഞ്ചാരത്തിലും സിനഡിന്റെ സഞ്ചാരത്തിലും സഭ നടത്തുന്നത് രക്ഷകനായ ക്രിസ്തുവിന്റെ രഹസ്യത്തിലേക്ക് കൂടുതൽ ആഴത്തിലും പൂർണതയിലും പ്രവേശിക്കുക എന്നതിലുപരി മറ്റൊന്നുമല്ല.

അങ്ങനെ നാം അതിന്റെ ഉച്ചസ്ഥാനത്ത് എത്തിച്ചേരുന്നു. യേശു 'അവരുടെ മുമ്പിൽവച്ച് രൂപാന്തരപ്പെട്ടു. അവന്റെ മുഖം സൂര്യനെപ്പോലെ വെട്ടിത്തിളങ്ങി; അവന്റെ വസ്ത്രങ്ങൾ പ്രകാശംപോലെ ധവളമായി' (മത്താ 17:2) എന്ന് സുവിശേഷം പറയുന്നു. സഞ്ചാരത്തിന്റെ കൊടുമുടി അഥവാ ലക്ഷ്യം ഇതാണ്. തങ്ങളുടെ ആരോഹണത്തിന്റെ അവസാനം അവർ ഗിരിശൃംഗത്തിൽ യേശുവിനോടൊപ്പം നിൽക്കുന്നു; അലൗകികമായ പ്രകാശത്തിൽ തിളങ്ങിനിന്ന യേശുവിന്റെ മഹത്വം ദർശിക്കാനുള്ള കൃപാവരം ആ മൂന്ന് ശിഷ്യന്മാർക്ക് ലഭിക്കുകയുണ്ടായി. ആ പ്രകാശം പുറത്തുനിന്ന് വന്നതായിരുന്നില്ല; അത് കർത്താവിൽനിന്നുതന്നെ പ്രസരിച്ചതാണ്. താബോർ ആരോഹണത്തിനായി ശിഷ്യന്മാർ നടത്തിയ എല്ലാ പ്രയത്നങ്ങൾക്കുമുപരിയായിരുന്നു പ്രസ്തുത ദർശനത്തിന്റെ ദൈവികസൗന്ദര്യം. ശ്രമകരമായ ഏത് പർവതാരോഹണത്തിലും നാം നമ്മുടെ നയനങ്ങൾ പാതയിൽ ഉറപ്പിച്ചു നിറുത്തേണ്ടതാണ്; എന്നിരുന്നാലും അതിന്റെ അവസാനം ഉരുത്തിരി

യുന്ന വിശാലദൃശ്യം നമ്മെ ആശ്ചര്യപ്പെടുത്തുകയും അതിന്റെ മനോഹാരിതയാൽ നമുക്ക് പ്രതിഫലം ലഭിക്കുകയും ചെയ്യും. അതുപോലെ തന്നെ സിനഡാത്മക പ്രക്രിയ പലപ്പോഴും ദുഷ്കരമാണെന്ന് നമുക്ക് തോന്നും; അങ്ങനെ നാം ചിലപ്പോൾ നിരുത്സാഹപ്പെട്ടവരാകും. എന്നാൽ, അവസാനം നമ്മെ കാത്തിരിക്കുന്നത് നിശ്ചയമായും അത്ഭുതാവഹവും ആശ്ചര്യജനകവുമായ ഒന്നായിരിക്കും; അത് നമ്മെ ദൈവഹിതവും അവിടത്തെ രാജ്യത്തിന്റെ ശുശ്രൂഷയ്ക്കായുള്ള നമ്മുടെ ദൗത്യവും കൂടുതൽ വ്യക്തമായി മനസ്സിലാക്കാൻ സഹായിക്കുന്നതായിരിക്കും.

നിയമത്തെയും പ്രവാചകരെയും യഥാക്രമം പ്രതിനിധീകരിക്കുന്ന മോശയും ഏലിയായും യേശുവിന്റെ രൂപാന്തരണവേളയിൽ പ്രത്യക്ഷപ്പെട്ടത് (മത്താ 17:3 കാണുക) മലയിലെ ശിഷ്യന്മാരുടെ അനുഭവത്തെ കൂടുതൽ സമ്പന്നമാക്കി മാറ്റി. ക്രിസ്തുവിന്റെ നവീനത എന്നു പറയുന്നത് പഴയ ഉടമ്പടിയുടെയും വാഗ്ദാനങ്ങളുടെയും പൂർത്തീകരണം എന്നതാണ്; ദൈവം തന്റെ ജനവുമായി ഇടപഴകിയതിന്റെ ചരിത്രത്തിൽനിന്ന് അതിനെ വേർപെടുത്താനാകില്ല; ആ ചരിത്രത്തിന്റെ ആഴമാർന്ന അർഥം അത് വെളിപ്പെടുത്തുന്നു. അതുപോലെതന്നെ, സിഡാത്മക സഞ്ചാരം ഒരേസമയം സഭയുടെ പാരമ്പര്യത്തിൽ ഊന്നി നിൽക്കുന്നതും എന്നാൽ നവീനതയിലേക്ക് തുറന്നിരിക്കുന്നതുമാണ്. പുതിയ വഴികൾ അന്വേഷിക്കുന്നതിന് പ്രചോദനം നൽകുന്ന സ്രോതസ്സാണ് പാരമ്പര്യം; അതിന് എതിര് നിൽക്കുന്ന സ്തംഭനതയുടെ പ്രലോഭനത്തെയും തൽക്ഷണം സൃഷ്ടിനടത്തുന്ന പരീക്ഷണശൈലിയെയും ഒഴിവാക്കാനും പാരമ്പര്യം നമ്മെ സഹായിക്കുന്നു.

തപസ്സുകാല അനുതാപ സഞ്ചാരത്തിന്റെയും സിനിഡാത്മക സഞ്ചാരത്തിന്റെയും ഏകലക്ഷ്യം വ്യക്തിപരവും സഭാപരവുമായ രൂപാന്തരണമാണ്. ഇവരണ്ടിലും ഉൾച്ചേർന്നിരിക്കുന്ന പരിവർത്തനത്തിന്റെ മാതൃക യേശുവിന്റെ രൂപാന്തരണം തന്നെയാണ്; അത് സമ്പാദിക്കപ്പെടുന്നത് അവിടത്തെ പെസഹാരഹസ്യത്തിന്റെ കൃപ മൂലമാണ്. യേശുവിനോടൊപ്പം മലകയറാനും അവിടത്തോടൊപ്പം ആയിരിക്കാനും, അങ്ങനെ ലക്ഷ്യസ്ഥാനത്ത് എത്തിച്ചേരാനും ഞാൻ രണ്ട് പാതകൾ നിർദേശിക്കാൻ ആഗ്രഹിക്കുന്നു.

താബോർ മലയിൽവച്ച് രൂപാന്തരപ്പെട്ട യേശുവിനെ ധ്യാനിച്ചുകൊണ്ടിരുന്ന ശിഷ്യന്മാർക്ക് പിതാവായ ദൈവം നൽകിയ നിർദേശത്തോട്

ചേർന്നുള്ളതാണ് ആദ്യത്തെ പാത. മേഘത്തിൽ നിന്നുള്ള സ്വരം ഇപ്രകാരം പറഞ്ഞു: 'ഇവനെ ശ്രവിക്കുവിൻ' (മത്താ 17:5). ആകയാൽ, ആദ്യനിർദേശം വളരെ വ്യക്തമാണ്. നാം യേശുവിനെ ശ്രവിക്കണം. അവിടന്ന് നമ്മോട് സംസാരിക്കുമ്പോൾ നാം അവിടത്തെ ശ്രവിക്കുന്ന കൃപയുടെ കാലമാണ് തപസ്സുകാലം. എങ്ങനെയാണ് അവിടന്ന് നമ്മോട് സംസാരിക്കുന്നത്? ഒന്നാമത്, ആരാധന ക്രമത്തിൽ സഭ നമുക്ക് നൽകുന്ന ദൈവവചനംവഴിയായി. ആ വചനം നമ്മുടെ ബധിര കാതുകളിൽ പതിക്കാതിരിക്കട്ടെ! നമുക്ക് ദിവ്യപൂജയിൽ സംബന്ധിക്കാൻ സാധിക്കുന്നില്ലെങ്കിൽ ദൈനംദിനമുള്ള ബൈബിൾ വായന വഴിയായി ദൈവവചനം പഠനവിഷയമാക്കാം; ഇന്റർനെറ്റിന്റെ സഹായത്തോടെയും ആകാം അത്. വിശുദ്ധലിഖിതങ്ങൾക്ക് പുറമേ, നമ്മുടെ സഹോദരീസഹോദരന്മാരിലൂടെയും കർത്താവ് നമ്മോട് സംസാരിക്കുന്നു-ഏറെ പ്രത്യേകിച്ച് ആവശ്യങ്ങളിൽ ഇരിക്കുന്നവരുടെ വദനങ്ങളിലൂടെയും അവരുടെ കഥകളിലൂടെയും. സിനിഡാത്മക പ്രക്രിയയിൽ വളരെ പ്രധാനപ്പെട്ടതായ മറ്റൊരു കാര്യംകൂടെ ഞാൻ പറയട്ടെ: പലപ്പോഴും ക്രിസ്തുവിനെ ശ്രവിക്കുന്നത് സംഭവിക്കുന്നത് സഭയിലെ സഹോദരീസഹോദരന്മാരെ ശ്രവിക്കുന്നതിലൂടെയാണ്. അപ്രകാരമുള്ള പരസ്പരശ്രവണം ചില ഘട്ടങ്ങളിലെ ആദ്യ ലക്ഷ്യമാണ്; എന്നാൽ അത് സിനഡാത്മക സഭയുടെ രീതിശാസ്ത്രത്തിന്റെയും ശൈലിയുടെയും അനിവാര്യ ഭാവമായി എപ്പോഴും നിലനില്ക്കുന്നു.

പിതാവിന്റെ സ്വരംകേട്ട "ശിഷ്യന്മാർ കമിഴ്ന്നുവീണു. അവർ അത്യധികം ഭയപ്പെട്ടിരുന്നു. യേശു അവരെ സമീപിച്ച് അവരെ സ്പർശിച്ചുകൊണ്ട് പറഞ്ഞു, 'എഴുന്നേല്ക്കുവിൻ, ഭയപ്പെടേണ്ട.' അവർ കണ്ണുകൾ ഉയർത്തി നോക്കിയപ്പോൾ യേശുവിനെ അല്ലാതെ മറ്റാരെയും കണ്ടില്ല" (മത്താ 17: 6-8). തപസ്സുകാലത്തെ സംബന്ധിച്ച രണ്ടാമത്തെ നിർദേശം ഇവിടെയാണ് ഞാൻ കാണുന്നത്: അതായത്, യാഥാർഥ്യത്തെയും അതുമായുള്ള ദൈനംദിന പോരാട്ടങ്ങളെയും ക്ലേശങ്ങളെയും വൈരുദ്ധ്യങ്ങളെയും അഭിമുഖീകരിക്കുന്നതിന്റെ ഭയത്തെ മറികടക്കുന്നതിന്റെ ഭാഗമായി അസാധാരണമായ സംഭവങ്ങളിലും നാടകീയമായ അനുഭവങ്ങളിലും ഊന്നിനിൽക്കുന്ന മതാത്മകതയിൽ അഭയം പ്രാപിക്കുന്നത്. യേശു ശിഷ്യന്മാരെ കാണിച്ചുകൊടുത്ത പ്രകാശം ഉയിർപ്പിന്റെ മഹിമയുടെ ഒരുമുന്നാസ്വാദനം ആയിരുന്നു. 'അവിടത്തെ മാത്രം' അനുഗമിക്കുന്ന നമുക്ക് അതായിരിക്കണം നമ്മുടെ പ്രയാണ

ത്തിന്റെ ലക്ഷ്യം. തപസ്സുകാലം ഉയിർപ്പുതിരുനാളിലേക്ക് നീങ്ങുന്നതാണ്. 'പിൻവാങ്ങൽ' (retreat) അതിൽത്തന്നെ ഒരുലക്ഷ്യമല്ല; അത് വിശ്വാസത്തിലും സ്നേഹത്തിലും പ്രത്യാശയിലും കർത്താവിന്റെ പീഡാനുഭവത്തിന്റെയും കുരിശുമരണത്തിന്റെയും അനുഭവത്തിലേക്കും അങ്ങനെ ഉയിർപ്പിലേക്കും എത്തിച്ചേരാനുമായി നമ്മെ ഒരുക്കുന്ന ഒരു മാർഗമാണ്. സിനഡാത്മക സഞ്ചാരവും അപ്രകാരമുള്ളതാണ്. പ്രസ്തുത പാതയിൽ ദൈവം നമുക്ക് കൂട്ടായ്മയുടേതായ ശക്തമായ അനുഭവങ്ങൾ പ്രധാനംചെയ്യുന്ന കൃപാവരങ്ങൾ നല്കിയാൽത്തന്നെയും നാം ലക്ഷ്യസ്ഥാനത്ത് എത്തിച്ചേർന്നു എന്ന് കരുതാൻ പാടില്ല; അവിടെയും കർത്താവ് നമ്മോട് ആവർത്തിക്കുന്നു, 'എഴുന്നേല്ക്കുവിൻ, ഭയപ്പെടേണ്ട.' ആകയാൽ, നമുക്ക് താഴേക്ക്, സമതലത്തിലേക്ക്, ഇറങ്ങാം; നമുക്ക് അനുഭവവേദ്യമായ കൃപാവരം നമ്മുടെ സമൂഹങ്ങളിൽ സാധാരണജീവിതത്തിലെ 'സിനഡാത്മകതയുടെ ശില്പികളാകാൻ' നമ്മെ ശക്തിപ്പെടുത്തട്ടെ.

പ്രിയ സഹോദരീസഹോദന്മാരേ, ഈ തപസ്സുകാലത്ത് യേശുവിനോടൊത്തു ദൈവാനുഭവത്തിന്റേ മലകയറുവാൻ പരിശുദ്ധാത്മാവ് നമ്മെ പ്രചോദിപ്പിക്കുകയും ബലപ്പെടുത്തുകയും ചെയ്യട്ടെ. അതുവഴി നാം അവിടത്തെ ദൈവികശോഭ അനുഭവിച്ചറിയുകയും അങ്ങനെ വിശ്വാസത്തിൽ ഉറപ്പിക്കപ്പെട്ട് തന്റെ ജനത്തിന്റെ മഹത്വവും ജനതകളുടെ പ്രകാശവുമായ അവിടത്തോടൊപ്പമുള്ള നമ്മുടെ സഞ്ചാരത്തിൽ നാം നിലനില്ക്കുകയും ചെയ്യുമാറാകട്ടെ.

വിശുദ്ധ പൗലോസിന്റെ മാനസാന്തരത്തിന്റെ തിരുനാളായ ജനുവരി 25–ാം തീയതി

റോമായിലെ വിശുദ്ധ ജോൺ ലാറ്ററൻ ബസിലിക്കയിൽവച്ച് നല്കപ്പെട്ടത്.

**ഫ്രാൻസിസ് പാപ്പാ**

Prot. No. 0073/2023

**സർക്കുലർ**

# യാമപ്രാർഥനകൾ

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്
കർദിനാൾ മാർ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ
മെത്രാപ്പോലീത്തമാർക്കും മെത്രാന്മാർക്കും വൈദികർക്കും
സമർപ്പിതർക്കും അല്മായസഹോദരങ്ങൾക്കും എഴുതുന്ന
സർക്കുലർ.

മിശിഹായിൽ പ്രിയസഹോദരീസഹോദരന്മാരേ,

2023 ഫെബ്രുവരി 19 നോമ്പുകാലം ഒന്നാം ഞായർ മുതൽ, നവീകരിച്ച യാമപ്രാർഥനക്രമം ഔദ്യോഗികമായി നിലവിൽ വരുന്നതിനെക്കുറിച്ചു കഴിഞ്ഞ സിനഡ് അനന്തര സർക്കുലറിൽ (Prot. No. 0029/2023) സൂചിപ്പിച്ചിരുന്നല്ലോ. അതിന്റെ പശ്ചാത്തലത്തിൽ നവീകരിച്ച യാമപ്രാർഥനക്രമത്തെക്കുറിച്ചും അതിന്റെ സവിശേഷതകളെക്കുറിച്ചും ഏതാനും കാര്യങ്ങൾ നിങ്ങളുമായി പങ്കുവയ്ക്കാൻ ആഗ്രഹിക്കുന്നു.

## യാമപ്രാർഥനകൾ

വിശുദ്ധ കുർബാനയുടെ ചൈതന്യം ദിനരാത്രങ്ങളുടെ വിവിധ യാമങ്ങളിലേക്കു വ്യാപിപ്പിക്കാനും ദൈവസ്തുതികൾ ആലപിച്ചുകൊണ്ടു നമ്മുടെ ജീവിതം വിശുദ്ധീകരിക്കാനും സഹായിക്കുന്ന യാമപ്രാർഥനകൾ സഭയിൽ ആധ്യാത്മികശക്തിയുടെ നീർച്ചാലുകളായി നിലകൊള്ളുന്നു. പോൾ ബഡ്ജാൻ എന്ന ലാസറിസ്റ്റ് വൈദികൻ മൂന്നു വാല്യങ്ങളായി 1886, 1887 വർഷങ്ങളിൽ എഡിറ്റുചെയ്ത സുറിയാനി ഭാഷയിലുള്ള യാമപ്രാർഥനപ്പുസ്തകങ്ങൾ പൗരസ്ത്യസഭകൾക്കു വേണ്ടിയുള്ള കാര്യാലയം 1939-ൽ സീറോമലബാർ, കൽദായ സഭകളുടെ ഉപയോഗത്തിനായി പ്രസിദ്ധീകരിച്ചിരുന്നു. 1953-ൽ കേരളം സന്ദർശിച്ച പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയത്തിന്റെ തലവൻ കർദിനാൾ യൂജിൻ ടിസറാങിന്റെ നിർദേശപ്രകാരം സുറിയാനി യാമപ്രാർഥനപ്പുസ്തകങ്ങൾ മലയാളഭാഷയിലേക്കു വിവർത്തനം ചെയ്യാനുള്ള ഒരുക്കങ്ങൾ ആരംഭിച്ചു. 1973-ൽ ചേർന്ന സീറോമലബാർ ബിഷപ്സ് കോൺഫറൻസ് (SMBC) മലയാളത്തിൽ യാമപ്രാർഥന

പ്പുസ്തകങ്ങൾ തയ്യാറാക്കുന്നതിനു തീരുമാനമെടുത്തു. അതിനായി രൂപീകരിച്ച ലിറ്റർജിക്കൽ കമ്മിറ്റി തയ്യാറാക്കിയ പുസ്തകം 'സീറോ മലബാർസഭയുടെ യാമപ്രാർഥനകൾ' എന്ന പേരിൽ പ്രസിദ്ധീകരിച്ചത് 1986-ൽ ആണ്. എന്നാൽ, 1986-നു മുമ്പ് 'കാനോന നമസ്കാരം' എന്ന പേരിൽ മൂന്നു വാല്യങ്ങളിലായി സുറിയാനി യാമപ്രാർഥനകളുടെ ചില ഭാഗങ്ങൾ തിരഞ്ഞെടുത്തു മലയാളത്തിലേക്കു വിവർത്തനംചെയ്തു വൈദികരുടെയും സമർപ്പിതരുടെയും ഉപയോഗത്തിനായി നല്കിയിരുന്നു. ഈ രണ്ടു പുസ്തകങ്ങളിലും സുറിയാനിയിലുള്ള യാമപ്രാർഥനകളുടെ ഘടന ഒരു പരിധിവരെ നിലനിറുത്തിയിരുന്നുവെങ്കിലും അവയിൽ മൂലകൃതിയുടെ തനിമ വേണ്ടത്ര സംരക്ഷിക്കാൻ സാധിച്ചിരുന്നില്ല. എല്ലാ കാലങ്ങളിലെയും എല്ലാ ദിവസങ്ങളിലെയും തിരുനാളുകളിലെയും പ്രാർഥനകളും ഗീതങ്ങളും പരിമിതമായി മാത്രമേ അവയിൽ ചേർത്തിരുന്നുള്ളു. തന്മൂലം, പൗരസ്ത്യസുറിയാനി പാരമ്പര്യത്തോടു വിശ്വസ്തത പുലർത്തിക്കൊണ്ട് ആവശ്യമായ നവീകരണത്തോടുകൂടെ പുതിയ യാമപ്രാർഥനപുസ്തകം തയ്യാറാക്കാൻ സീറോമലബാർ സിനഡ് 2007-ൽ തീരുമാനിച്ചു.

2014 ആഗസ്റ്റ് മാസത്തിലെ സിനഡുസമ്മേളനം യാമപ്രാർഥന പുസ്തകത്തിന്റെ നവീകരണവുമായി മുന്നോട്ടുപോകാൻ ലിറ്റർജി കമ്മീഷനോടു നിർദേശിച്ചു. കൂടാതെ, യാമപ്രാർഥനപ്പുസ്തകത്തിന്റെ ആഘോഷപൂർവകമായ ക്രമത്തിന്റെയും ഹ്രസ്വരൂപത്തിന്റെയും പൊതുഘടന സിനഡ് അംഗീകരിച്ചുനല്കി. എട്ടു മെത്രാന്മാരുടെ ഒരു സ്പെഷ്യൽ കമ്മിറ്റിയെ യാമപ്രാർഥനപ്പുസ്തകത്തിന്റെ പരിശോധനയ്ക്കായി സിനഡു തിരഞ്ഞെടുക്കുകയും ചെയ്തു. സെൻട്രൽ ലിറ്റർജിക്കൽ കമ്മിറ്റി ഒരു സബ്കമ്മിറ്റിയെ നിയോഗിക്കുകയും സുറിയാനി ഉറവിടങ്ങളിൽനിന്നു പ്രാർഥനകൾ വിവർത്തനം ചെയ്യാൻ നിർദേശിക്കുകയും ചെയ്തു. തുടർന്നു, വിവർത്തനങ്ങളെ ആധാരമാക്കിയും സുറിയാനി ഉറവിടങ്ങൾ പരിശോധിച്ചുനോക്കിയും പ്രാർഥനകളും ഗീതങ്ങളും രൂപീകരിച്ചു. ഇപ്രകാരം സബ്കമ്മറ്റി തയ്യാറാക്കിയ ഡ്രാഫ്റ്റ് എല്ലാ രൂപതകളിലെയും വൈദികരുടെ പ്രതിനിധികളും സന്ന്യസ്ത, അല്മായ പ്രതിനിധികളും ദൈവശാസ്ത്ര, ആരാധനക്രമപണ്ഡിതരും ഉൾക്കൊള്ളുന്ന സീറോമലബാർ സെൻട്രൽ ലിറ്റർജിക്കൽ കമ്മിറ്റി വിശദമായി പഠിച്ചു. കൂടാതെ, സെൻട്രൽ ലിറ്റർജിക്കൽ കമ്മറ്റി അംഗങ്ങൾ അനേകം പ്രാവശ്യം സഭയുടെ കാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ഒരുമിച്ചുകൂടി നവീകരിച്ച പ്രാർഥനകൾ ചൊല്ലിയും ഗീതങ്ങൾ ആലപിച്ചും ആവശ്യമായ തിരുത്ത

ലുകളും കൂട്ടിച്ചേർക്കലുകളും നടത്തി ഭാഷാശുദ്ധി വരുത്തുകയും ചെയ്തു. മെത്രാന്മാരുടെ സ്പെഷ്യൽ കമ്മിറ്റി നിരവധി പ്രാവശ്യം സമ്മേളിച്ചു പ്രാർഥനകൾ ചൊല്ലിയും ഗീതങ്ങൾ ആലപിച്ചും സെൻട്രൽ ലിറ്റർജിക്കൽ കമ്മറ്റി അംഗീകരിച്ച ഡ്രാഫ്റ്റിൽ ആവശ്യമായ മാറ്റങ്ങൾ നിർദേശിച്ചു.

ഇങ്ങനെ നവീകരിച്ച യാമപ്രാർഥനപുസ്തകം 2022 ആഗസ്റ്റ് 16 മുതൽ 25 വരെ നടന്ന മുപ്പതാം സിനഡിന്റെ രണ്ടാം സമ്മേളനത്തിൽ അംഗീകരിച്ചു. വീണ്ടും എന്തെങ്കിലും നിർദേശങ്ങളുങ്കിൽ, അവ 2022 ഒക്ടോബർ 30 നു മുമ്പ് ആരാധനക്രമകമ്മീഷനിൽ അറിയിക്കാനായി, യാമപ്രാർഥനപുസ്തകത്തിന്റെ ആഘോഷപൂർവകമായ ക്രമത്തിന്റെയും ഹ്രസ്വരൂപത്തിന്റെയും ഡ്രാഫ്റ്റ് എല്ലാ മെത്രാന്മാർക്കും സമർപ്പിത സമൂഹങ്ങളുടെ സുപ്പീരിയർമാർക്കും അയച്ചുകൊടുത്തു. അവർ നല്കിയ നിർദേശങ്ങൾ സ്പെഷ്യൽ കമ്മിറ്റി പരിശോധിച്ചശേഷം ഡ്രാഫ്റ്റിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തിയാണ് നവീകരിച്ച യാമ പ്രാർഥനകൾ 2023 ജനുവരി ദനഹാത്തിരുനാളിൽ പ്രസിദ്ധീകരിച്ചിരിക്കുന്നത്.

**യാമപ്രാർഥനകളുടെ ചൈതന്യത്തിലേക്ക്**

യാമപ്രാർഥനകളിലെ ഗീതങ്ങളുടെയും പ്രാർഥനകളുടെയും പ്രഥമമായ അടിസ്ഥാനം ദൈവവചനം തന്നെയാണ്. ഒപ്പം, വിശുദ്ധരായ സഭാപിതാക്കന്മാർ ദൈവവചനത്തിനു നല്കിയ വ്യാഖ്യാനങ്ങളും ധ്യാനചിന്തകളും അതിൽ നിറഞ്ഞുനില്ക്കുന്നുണ്ട്. അതുകൊണ്ടു തന്നെ ദൈവവചനത്തിന്റെ ആഘോഷമാണ് യാമപ്രാർഥനകൾ എന്നു മനസിലാക്കാൻ കഴിയും. ഈ യാമപ്രാർഥനകളിലൂടെ ദൈവവചനം കൂടുതൽ ധ്യാനിക്കാനും വചനബദ്ധ മായ ജീവിതം നയിക്കാനും നമ്മെ സഹായിക്കുമെന്നതു നിസ്തർക്കമാണ്. സഭയുടെ മനസ്സോടുചേർന്നു ദൈവവചനം ഉൾക്കൊള്ളാനും അതിന്റെ വ്യാഖ്യാനങ്ങളെ മനസിലാക്കാനും യാമപ്രാർഥനകൾ നമ്മെ സഹായിക്കും.

ആരാധനാവത്സരത്തിലെ പ്രധാനപ്പെട്ട തിരുനാളുകൾ ഉൾപ്പെടെ, ഓരോ ദിവസത്തിന്റെയും പ്രത്യേകം പ്രത്യേകം പ്രാർഥനകൾ നവീകരിച്ച യാമപ്രാർഥനപുസ്തകത്തിലുണ്ട്. പ്രാർഥനകളുടെ വൈവിധ്യം മൂലം പുസ്തകത്തിന്റെ വലിപ്പം താരതമ്യേന കൂടിയിട്ടുങ്കിലും അനുദിനപ്രാർഥനകളുടെ സമയദൈർഘ്യം കൂടുന്നില്ല. കൂടുതൽ ആഘോഷപൂർവകമായക്രമവും സാധാരണക്രമവും ഉൾക്കൊള്ളുന്ന

ഈ പ്രാർഥനപ്പുസ്തകം മാത്രമല്ല, യാത്രപോലെയുള്ള പ്രത്യേക സന്ദർഭങ്ങളിൽ ഉപയോഗിക്കാനായി യാമപ്രാർഥനയുടെ ഹ്രസ്വരൂപവും സിനഡ് അംഗീകരിച്ചു നല്കിയിട്ടുണ്ട്.

നമ്മുടെ സഭയുടെ പാരമ്പര്യത്തിൽ ഏഴുനേരത്തേക്കുള്ള യാമപ്രാർഥനകളുണ്ട്. എന്നാൽ, ഇപ്പോൾ സിനഡു തയ്യാറാക്കി പ്രസിദ്ധീകരിച്ചിരിക്കുന്നതു പ്രധാനപ്പെട്ട മൂന്നു യാമപ്രാർഥനകളാണ്. സന്ധ്യാനമസ്കാരമായ റംശാ, രാത്രിജപമായ ലെലിയാ, പ്രഭാതപ്രാർഥനയായ സപ്രാ എന്നിവയാണവ. ഈ മൂന്നു പ്രാർഥനകളാണ് ഔദ്യോഗികമായി നമ്മുടെ സഭയിൽ ഉപയോഗത്തിലുണ്ടായിരുന്നത്. അതുകൊണ്ടാണ് ആ പ്രാർഥനകൾ മൂലരൂപങ്ങളോടു കൂടുതൽ വിശ്വസ്തത പുലർത്തുന്ന വിധത്തിൽ നവീകരിച്ച് ഇപ്പോൾ സഭാമക്കളുടെ ഉപയോഗത്തിനു രണ്ടുവാല്യങ്ങളിലായി നല്കുന്നത്. മംഗളവാർത്തക്കാലം മുതൽ ഉയിർപ്പു കാലംവരെ ഉൾക്കൊള്ളുന്ന ഒന്നാം ഭാഗം മിശിഹാരഹസ്യകേന്ദ്രീകൃതമാണ്. സഭാരഹസ്യ ചിന്തകളാണ് ശ്ലീഹാക്കാലം മുതൽ പള്ളിക്കൂദാശക്കാലംവരെ ഉൾക്കൊള്ളുന്ന യാമപ്രാർഥനയുടെ രണ്ടാം വാല്യത്തിൽ നിറഞ്ഞുനില്ക്കുന്നത്. രണ്ടാംവാല്യം താമസം വിനാ പ്രസിദ്ധീകരിക്കുന്നതാണ്.

വിശ്വാസികൾ മുഴുവന്റെയും പ്രാർഥനയായ യാമപ്രാർഥനകൾ സഭയുടെ പ്രത്യേക നിയമമനുസരിച്ചു കത്തീഡ്രലുകളിലും മറ്റു ദൈവാലയങ്ങളിലും എല്ലാദിവസവും പ്രത്യേകിച്ചു ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും നടത്തണമെന്നു പൗരസ്ത്യ സഭാനിയമം (CCEO c. 199 §2) അനുശാസിക്കുന്നു. നവീകരിച്ച യാമപ്രാർഥനപുസ്തകം ഉപയോഗിച്ചു പ്രാർഥിക്കാൻ എല്ലാവൈദികരോടും സമർപ്പിതരോടും അല്മായസഹോദരങ്ങളോടും ഞാൻ ആഹ്വാനം ചെയ്യുന്നു.

നോമ്പിന്റെ ചൈതന്യത്തിലേക്കു പ്രവേശിക്കാനൊരുങ്ങുന്ന നമ്മെ നല്ലവനായ ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ! മിശിഹായുടെ അനുഗൃഹീതമാതാവും നമ്മുടെ അമ്മയുമായ പരിശുദ്ധകന്യകാമറിയത്തിന്റെയും നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെയും മാധ്യസ്ഥ്യം നമുക്കു സഹായമാകട്ടെ! കാരുണ്യവാനായ കർത്താവിനെ സ്തുതികളാലും സങ്കീർത്തനങ്ങളാലും നമുക്ക് ആരാധിക്കാം.

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽനിന്ന് 2023-ാം ആണ്ട് ഫെബ്രുവരി മാസം 5-ാം തീയതി നല്കപ്പെട്ടത്.

കർദിനാൾ ജോർജ് ആലഞ്ചേരി
സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്

........................................

N.B.: ഈ സർക്കുലറിന്റെ ഉള്ളടക്കം 2023 ഫെബ്രുവരി 12-ാം തീയതി ഞായറാഴ്ച കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും സമർപ്പിതഭവനങ്ങളിലും പരിശീലനകേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും വിശുദ്ധ കുർബാനമധ്യേ അറിയിക്കേതാണ്.

---

Ref: 3840/K-5/KCBC/OL/DS 11-02-2023

# മദ്യവിരുദ്ധ ഞായർ, 2023 മാർച്ച് 12

## മദ്യവിരുദ്ധ ഞായർ ആചരണത്തിന്റെ ഭാഗമായി കെ.സി.ബി.സി. മദ്യവിരുദ്ധ കമ്മീഷൻ നല്കുന്ന സന്ദേശം

വന്ദ്യ വൈദീകരേ, സന്യാസ സഹോദരങ്ങളെ, മിശിഹായിൽ പ്രിയ വിശ്വാസികളെ,

മാർച്ച് 12-ാം തീയതി കേരള കത്തോലിക്കാസഭ മദ്യവിരുദ്ധ ഞായറാഴ്ചയായി ആചരിക്കുകയാണല്ലോ. മദ്യ-ലഹരി വിപത്തിനെക്കുറിച്ച് ആഴമായി ചിന്തിക്കുവാനും ഫലപ്രദമായി നേരിടുവാനും അതിജീവിക്കാനും, മദ്യവിരുദ്ധ പ്രതിജ്ഞകളെടുക്കുവാനുമുള്ള ഒരു അവസരമാണ് ഈ ആചരണത്തിലൂടെ നാം ലക്ഷ്യം വയ്ക്കുന്നത്. സമൂഹത്തിൽ ഗുരുതരമായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന വലിയൊരു തിന്മയാണ് മദ്യവും രാസനിർമ്മിതമായ ലഹരിയുമെന്ന് എല്ലാവർക്കും അറിയാം. മദ്യവിരുദ്ധ സമിതി കഴിഞ്ഞ 25 വർഷമായി, മദ്യവിരുദ്ധസഭയും സമൂഹവുമെന്ന, ആപ്തവാക്യവുമായി പ്രവർത്തിച്ചുവരുന്നു.

സാമൂഹ്യതിന്മകളുടെ കാര്യത്തിൽ സാക്ഷര കേരളം മുൻപന്തിയിലാണ്. സമൂഹത്തിന്റെ ധാർമ്മിക അധഃപതനത്തിനും മൂല്യച്യൂതിക്കും മദ്യ പാനവും ലഹരി ഉപയോഗവും മുഖ്യപങ്കുവഹിക്കുന്നു. മദ്യത്തിന്റെ ലഭ്യതയും ഉപയോഗവും കാരണം കേരളത്തിന്റെ എല്ലാ കോണുക ളും ഗുണ്ടാ സംഘങ്ങളും ലഹരി മാഫിയയും കയ്യടക്കിയിരിക്കുന്നു. ഇവിടെ നടക്കുന്ന കൊള്ളയും കൊലയും അനീതിയും അഴിമതിയും ആത്മഹത്യയും പെരുകുന്നതിന്റെ കാരണവും ഒരു പരിധിവരെ വർദ്ധി ച്ചുവരുന്ന ലഹരി ഉപയോഗമാണ്. ലഹരി മാഫിയക്കെതിരെ പോരാ ടാനുറച്ച്കൊണ്ട് ജില്ലാ, താലൂക്കു, പഞ്ചായത്തു തലത്തിൽ സമിതി കൾ രൂപീകരിച്ചും, സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് ബോധവൽക്ക രണ പരിപാടികൾ സംഘടിപ്പിച്ചും സർക്കാർ നീങ്ങുകയാണ്. ഒരു വശത്ത് ബാറിന്റെയും ബിവറേജ് ഔട്ട്ലെറ്റുകളുടെയും എണ്ണം വർധി പ്പിച്ചും, ബ്രൂവറികളും പഴവർഗങ്ങളിൽ നിന്ന് മദ്യം ഉല്പാദിപ്പിച്ചും, ഐ.ടി. പാർക്കുകളിൽ ബാറും പബ്ബും അനുവദിച്ചും മുന്നേറുന്നു. മറു വശത്ത് ലഹരിമുക്തകേരള കാമ്പയിൻ സംഘടിപ്പിച്ചുകൊണ്ട് സംസ്ഥാ നത്തെമ്പാടും പ്രചരണത്തിന് സർക്കാർ നേതൃത്വം കൊടുക്കുന്നു. കേരളം ലഹരി മാഫിയയുടെ ഹബ്ബായി മാറിയിരിക്കുന്നുവെന്ന് സർക്കാർ തിരിച്ചറിഞ്ഞു. സോഷ്യൽ മീഡിയയുടെ വ്യാപക ഉപയോഗം മയക്കുമരുന്നിലേക്ക് യുവാക്കളെ ആകർഷിക്കാനും എളുപ്പത്തിൽ ലഭ്യമാക്കാനും വഴിയൊരുക്കുന്നു. സർക്കാരിന് ഇച്ഛാശക്തിയുണ്ടെങ്കിൽ ഏതു മയക്കുമരുന്നു മാഫിയയെയും അടിച്ചമർത്താനും ഉന്മൂലനം ചെയ്യാനും സാധിക്കും. വിവിധ രാഷ്ട്രീയ പാർട്ടികളും അവരുടെ പോഷകസംഘടനകളും ലഹരിക്കെതിരെ പോരാടുമെന്ന് പ്രതിജ്ഞ ചെയ്തിട്ടും ചിലർ ഒളിഞ്ഞും തെളിഞ്ഞും ലഹരിക്കച്ചവടം നടത്താനും മദ്യ-ലഹരികടത്തുകാരുമായി ചേർന്ന് നേട്ടമുണ്ടാക്കാനും നടത്തുന്ന ശ്രമങ്ങൾ പകൽപോലെ സത്യമാണ്.

ഭരണഘടനയിലെ ആർട്ടിക്കിൾ 47-പ്രകാരം ദാരിദ്രത്തിനും കുറ്റകൃ ത്യങ്ങൾക്കും കാരണമായ മദ്യവും അതിന്റെ വ്യവസായവും ഒഴിവാ ക്കുന്നതിന്, എല്ലാ പൗരന്മാർക്കും കടമയുണ്ടെന്നും മദ്യവ്യാപാരം ആരു ടെയും അവകാശമല്ലെന്നും 1975-ൽ സുപ്രീം കോടതി വിധി പുറപ്പെ ടുവിച്ചിട്ടുണ്ട്. മദ്യവ്യവസായം ആരോഗ്യത്തിന് ഹാനികരമായ വസ്തു ക്കളുടെ വ്യാപാരമാണെന്ന് 1984-ൽ കേരള ഹൈക്കോടതിയും വിധി ച്ചിട്ടുണ്ട്. മദ്യവിപണനവും നിർമ്മാണവും സർക്കാർ ഏറ്റെടുത്തു നട

ത്തുന്നത് കാപട്യമാണ്. മദ്യകുപ്പികളിൽ ആരോഗ്യത്തിനു ഹാനികരമാണെന്ന ലേബലൊട്ടിച്ചാണ് സർക്കാർ വിതരണം നടത്തുന്നത്. കേരളത്തിലെ ജയിലുകളിൽ കഴിയുന്ന ഭൂരിപക്ഷം തടവുകാരും മദ്യലഹരിയിൽ കൊലപാതകങ്ങളും മറ്റ് അക്രമങ്ങളും നടത്തിയവരാണ്. റോഡപകടങ്ങളിൽ ഏറിയപങ്കും മദ്യലഹരിക്കടിമപ്പെട്ടവരുടെയും മദ്യപിച്ച് വാഹനമോടിച്ചവരുടെയും ഇരകളായിട്ടുള്ളവരാണ്. മദ്യപിച്ചെത്തിയ പിതാവിന്റെ അക്രമണം ഭയന്ന് രാത്രി തോട്ടത്തിലൊളിച്ച നാലുവയസുകാരി പാമ്പുകടിയേറ്റ് മരണപ്പെട്ട ദാരുണ സംഭവം ആരും മറക്കാനിടയില്ല. മദ്യത്തിന്റെ ലഭ്യതയും ഉപഭോഗവും പടിപടിയായി കുറയ്ക്കുമെന്നും മദ്യവർജനമാണ് സർക്കാർ മദ്യനയമെന്നും വാഗ്ദാനം ചെയ്തു അധികാരത്തിൽവന്ന സർക്കാർ ഘട്ടം ഘട്ടമായി കേരളത്തെ മദ്യത്തിൽ മുക്കിക്കൊല്ലുന്ന കാഴ്ചയാണ് നാം കാണുന്നത്. നാടുതകർന്നാലും സമൂഹം നശിച്ചാലും സ്കൂൾകുട്ടികൾ ഉൾപ്പെടെയുള്ള യുവജനങ്ങൾ ലഹരിക്കടിമപ്പെട്ടാലും അക്രമം പെരുകിയാലും ഖജനാവ് നിറയ്ക്കണം എന്ന ചിന്ത ഒരു ജനാധിപത്യ സർക്കാർക്കാരിന് ഭൂഷണമല്ല.

ഒരുവശത്ത് ലഹരിവിരുദ്ധ ക്യാംപെയ്ൻ സംഘടിപ്പിക്കുകയും അത് പാഠ്യപദ്ധതിയുടെ ഭാഗമാക്കുമെന്നു വാഗ്ദാനം ചെയ്യുകയും മറുവശത്ത് യഥേഷ്ടം മദ്യം ഒഴുക്കുകയും അതിന് നേതൃത്വം കൊടുക്കുകയുമാണ് സർക്കാർ ചെയ്യുന്നത്. അതീവ ഗുരുതരമായ സാമൂഹ്യപ്രശ്നത്തെ സൃഷ്ടിച്ചുകൊണ്ട് മനുഷ്യന്റെ സ്വൈര്യജീവിതം തകർക്കുന്ന മദ്യവ്യാപാരത്തിൻനിന്ന് സർക്കാർ പിന്മാറുവാൻ ആർജവത്തം കാട്ടണം. ബാല്യത്തിൽ തുടങ്ങുന്ന മദ്യപാനവും മയക്കുമരുന്നിന്റെ ഉപയോഗവും യുവത്വത്തിലും തുടർന്നുള്ള ജീവിത കാലഘട്ടങ്ങളിലും മനുഷ്യനെ ഇരുണ്ടയുഗത്തിലേക്ക് നയിക്കും. കേരളത്തിൽ ആരോഗ്യ വിദ്യാഭ്യാസ, സാംസ്കാരിക രംഗങ്ങളിൽ സമഗ്ര സംഭാവന നല്കിയിട്ടുള്ള കേരളകത്തോലിക്കാസഭയ്ക്ക് ഈ നാടിനെ മദ്യത്തിൽനിന്നും ലഹരിയിൽ നിന്നും വിമുക്തമാക്കുകയെന്ന സുപ്രധാന ദൗത്യത്തിൽ നിന്ന് മാറിനില്ക്കാനാവില്ല. മോചനത്തിന്റെ സദ്വാർത്തയായി പുനരവതരിക്കുകയെന്നത് സഭയുടെ കർത്തവ്യമാണ്; കടമയാണ്. ആധുനിക സഭയുടെ പ്രവാചക സാന്നിധ്യമായിരുന്ന വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ ഇപ്രകാരം പറഞ്ഞിരിക്കുന്നു: ആധുനിക സമൂഹത്തിലെ ഏറ്റവും മോശപ്പെട്ട മഹാമാരികളിൽ ഒന്നാണ് മദ്യാസക്തിയെന്ന ബോധ്യം മുൻകാലങ്ങളേക്കാൾ വ്യാപകമായിരിക്കുന്നു. ഈ

തിരിച്ചറിവുതന്നെ ഏറ്റവും ശ്രേയസ്ക്കരമായ ഒന്നാണ്. എന്നാൽ, മുൻകാലങ്ങളെക്കാൾ അടിയന്തിരമായി കൂടുതൽ കൂട്ടായ പ്രവർത്തനം ഈ വിഷയത്തിൽ ആവശ്യമാണ്. ഈ പ്രശ്നം മനുഷ്യവ്യക്തിയെ ആഴത്തിൽ സ്പർശിക്കുന്ന ഒന്നാണ്. മാനവ കുടുംബത്തിലെ എല്ലാവരും മതവിശ്വാസങ്ങൾക്കതീതമായി, പ്രതീക്ഷയോടെ, ആത്മവിശ്വാസത്തോടെ ഗുരുതരവും വ്യാപകവുമായ മദ്യാസക്തി ഉയർത്തുന്ന ഭീഷണികളെ നേരിടാൻ മനുഷ്യന്റെ സഹായത്തിനെത്തുകയെന്നത് ഉന്നതമായ ഒരു വെല്ലുവിളിയാണ്. എന്നാൽ, നിങ്ങളുടെ കൂട്ടായ പ്രവർത്തനങ്ങൾ സമൂഹത്തിൽ ഏകോപനങ്ങൾക്കുകൂടി കാരണമാകും (International Conference on the Scientific Social and Moral aspects of Alchololism, Friday 22nd June 1984).

മദ്യവിമുക്ത സമൂഹത്തിനുവേണ്ടി ലോകാരോഗ്യസംഘടന നിർദേശിച്ച ത്രിമാന പദ്ധതി കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി നടപ്പിലാക്കിവരുന്നു. ഡിമാന്റ് റിഡക്ഷൻ (മദ്യപിക്കുന്നവരുടെ എണ്ണം കുറയ്ക്കുക), സപ്ളൈ റിഡക്ഷൻ (ലഭ്യത കുറയ്ക്കുക), റിസ്ക് റിഡക്ഷൻ (മദ്യപിച്ച് രോഗികളായവരെ ചികിത്സിക്കുക) എന്നിവയാണ് ത്രിമാന പദ്ധതികൾ. കേരള ജനസംഖ്യയിൽ നല്ല ശതമാനം ലഹരിക്കടിമപ്പെട്ടിരിക്കയാണ്. ഏഷ്യയിൽ ഏറ്റവും കൂടുതൽ ലഹരിചികിത്സാകേന്ദ്രങ്ങൾ ഉള്ളത് കേരളത്തിലാണ്. 9 നും 12 നും ഇടയ്ക്ക് പ്രായമുള്ള കുട്ടികൾവരെ ലഹരിക്കും മദ്യത്തിനും അടിപ്പെട്ടരിക്കുന്നുവെന്നത് ഞെട്ടിപ്പിക്കുന്ന വസ്തുതയാണ്. സ്കൂൾ പരിസരങ്ങളും സ്കൂളിനകവുംവരെ ലഹരി വിപണ സ്ഥലമായിരിക്കുന്നു. പുത്തൻ തലമുറ മദ്യത്തിൽനിന്ന് പുതുപുത്തൻ ലഹരി ഉപയോഗത്തിന്റെ പിടിയിലമർന്ന കാഴ്ചകൾക്കാണ് നാം സാക്ഷ്യം വഹിക്കുന്നത്. കഴിഞ്ഞ ഒന്നര വർഷത്തിനകം ലഹരി വിമോചനകേന്ദ്രങ്ങളിൽ 21 വയസ് തികയാത്ത 3933 പേരാണ് ചികിത്സക്കെത്തിയത്. ഇതിൽ 40 ശതമാനം പേർ 18 വയസ് തികയാത്തവരും. ഈ പരിതാപകരമായ സാഹചര്യത്തിൽ കാരിത്താസ് ഇൻഡ്യാ കേരളത്തിലേക്ക് 'സജീവം' എന്ന പേരിൽ ലഹരിക്കെതിരെ ഒരു പദ്ധതി വിഭാവനം ചെയ്ത് നടപ്പിലാക്കുന്നു. കേരള കത്തോലിക്കാ മെത്രാൻ സംഘത്തിന്റെ പൂർണ്ണ പിൻതുണയോടെ കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയും സോഷ്യൽ സർവ്വീസ് ഫോറവും സംയുക്തമായി ചേർന്ന് ഈ പദ്ധതിക്ക് നേതൃത്വം നല്കുന്നു. മദ്യവിമുക്ത സഭയും സമൂഹവുമെന്ന ലക്ഷ്യം നേടിയെടുക്കാനുള്ള ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിക്ക് എല്ലാവരുടെയും സഹകരണം ഞങ്ങൾ

അഭ്യർത്ഥിക്കുന്നു. സ്കൂൾ കോളേജ് തലത്തിലും വിശ്വാസ പരിശീല നക്ലാസുകൾ, മതാധ്യാപകർ, യുവജനങ്ങൾ തുടങ്ങിയ വിവിധ ശുശ്രൂഷ മേഖലകളിലുള്ളവരെ ഉൾപ്പെടുത്തിയാണ് ബോധവൽക്കരണ ക്ലാസു നടത്തുന്നത്.

മനുഷ്യന്റെ സമഗ്ര വളർച്ചയ്ക്കും വികസനത്തിനും തടസമായ മദ്യാസക്തിയും മറ്റ് ലഹരി വസ്തുക്കളുടെ ഉപയോഗവും സൃഷ്ടിക്കുന്ന മരണസംസ്ക്കാരത്തിൽ നിന്ന് നാടിനെ രക്ഷിക്കാനുള്ള ഉത്തരവാദിത്വം നാം ഏറ്റെടുക്കണം. ലഹരിക്കെതിരായ പോരാട്ടത്തിൽ സ്വീകരിക്കേണ്ട അജപാലന മനോഭാവങ്ങൾ ഏറെ പ്രസക്തവും പ്രാധാന്യമർഹിക്കുന്നതുമാണ്. മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ടവരെ ക്രൈസ്തവസ്നേഹത്തിലൂടേയും കാരുണ്യത്തോടെയും ബോധവൽക്കരണ ചികിത്സാ മാർഗങ്ങളിലുടേയും പുതിയ ജീവിതത്തിലേക്ക് തിരികെ എത്തിക്കുവാൻ നമുക്കേവർക്കും കടമയുണ്ട്. 1996-ൽ ആരംഭിച്ച കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി ഇപ്പോൾ രജത ജൂബിലി നിറവിലാണ്. കഴിഞ്ഞ 25 വർഷം ഈ സമിതിയെ നയിച്ച അഭിവന്ദ്യ പിതാക്കന്മാരേയും വൈദിക ശ്രേഷ്ഠരേയും അത്മായ സഹോദരങ്ങളെയും നന്ദിപൂർവ്വം ഒർക്കുന്നു. കേരളത്തിലെ മദ്യവ്യാപരത്തിനെതിരെ സന്ധിയില്ലാസമരം നടത്തുകയും അതിനായി ജീവിതം സമർപ്പിക്കുകയും ചെയ്ത കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി പ്രഥമ ചെയർമാൻ അഭിവന്ദ്യ സൂസൈപാക്യം പിതാവും മദ്യവിപത്തിനെതിരെ ശക്തമായി പ്രതികരിച്ചുകൊണ്ടിരിക്കുന്ന അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവും, അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കേത്തച്ചേരിൽ പിതാവും അഭിവന്ദ്യ റമിജിയൂസ് ഇഞ്ചനാനിയൽ പിതാവും ഈ സമിതിക്ക് ധീരമായ നേതൃത്വം കൊടുത്തവരാണ്.

മദ്യവിരുദ്ധ ഞായർ ആചരിക്കുന്ന ഈ അവസരത്തിൽ മദ്യവിരുദ്ധ പ്രവർത്തനങ്ങൾ ദൈവത്തിലാശ്രയിച്ചുകൊണ്ട് മുന്നോട്ടു കൊണ്ടുപോകാം. ഓരോ ഇടവകയിലും സ്ഥാപനങ്ങളിലും മദ്യവിരുദ്ധ ഞായർ അർത്ഥവത്തായി സംഘടിപ്പിക്കാൻ ബന്ധപ്പെട്ടവർ പരിശ്രമിക്കണം. മാർച്ച് 12-ാം തീയതി ഞായറാഴ്ചത്തെ സ്തോത്രകാഴ്ച മദ്യവിരുദ്ധ പ്രവർത്തനങ്ങൾക്കായി നല്കണമെന്ന് സ്നേഹത്തോടെ അഭ്യർത്ഥിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

ബിഷപ്പ് യൂഹാനോൻ മാർ തെയഡോഷ്യസ്
(ചെയർമാൻ, കെ.സി.ബി.സി മദ്യവിരുദ്ധ സമിതി)

ബിഷപ്പ് ക്രിസ്തുദാസ്. ആർ
(വൈസ് ചെയർമാൻ, കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി)

ബിഷപ് സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ
(വൈസ് ചെയർമാൻ, കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി)

പി.ഒ.സി. കൊച്ചി
കേരള കത്തോലിക്കാസഭയുടെ ആസ്ഥന കാര്യാലയം

........................................

N.B.: ഈ സർക്കുലർ 2023 മാർച്ച് 12-ാം തീയതി ഞായറാഴ്ച കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

---


## ദൈവവിളി ക്യാമ്പ്

അതിരൂപതയുടെ നേതൃത്വത്തിലുള്ള ദൈവവിളിക്യാമ്പ് **2023 ഏപ്രിൽ 11, 12, 13** തീയതികളിൽ തൃക്കാക്കര തിരുഹൃദയ മൈനർ സെമിനാരിയിൽ നടത്തുന്നു. അതിരൂപതാ വൈദികരായി സേവനം ചെയ്യാൻ താല്പര്യമുള്ള 10, 12, Degree and above ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളെ കണ്ടെത്തി അവരെ ക്യാമ്പിലേക്ക് പറഞ്ഞയ്ക്കാൻ ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ. ക്യാമ്പ് ഏപ്രിൽ 11-ാം തീയതി ചൊവ്വാഴ്ച രാവിലെ 10.00 മണിക്ക് ആരംഭിച്ച് 13-ാം തീയതി വ്യാഴാഴ്ച വൈകിട്ട് 4.00 മണിക്ക് അവസാനിക്കുന്നു.

**ഫാ. ജോമോൻ മാടവനക്കാട്**
**വൊക്കേഷൻ പ്രൊമോട്ടർ** (9744876897)

# അഭിവന്ദ്യ പടിയറ പിതാവിന്റെ 23–ാം ചരമവാർഷികം

(മാർച്ച് 23)




മാർച്ച് 23–ാം തീയതി വൈകിട്ട് 6.00 മണിക്ക് എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കയിൽ അഭിവന്ദ്യ **കർദിനാൾ മാർ ആന്റണി പടിയറ** പിതാവിനുവേണ്ടി സമൂഹബലിയും അനുസ്മരണ പ്രാർത്ഥനയും ഉണ്ടായിരിക്കും. ജനങ്ങളെ മുൻകൂട്ടി അറിയിച്ചുകൊണ്ട് നമ്മുടെ എല്ലാപള്ളികളിലും പിതാവിനുവേണ്ടി അന്നേദിവസം വിശുദ്ധ കുർബാനയും ഒപ്പീസും നടത്തേണ്ടതാണ്.

**ഫാ. വർഗീസ് പൊട്ടയ്ക്കൽ**
**പ്രോട്ടോ സിഞ്ചെല്ലൂസ്**

# അഭിവന്ദ്യ വിതയത്തിൽ പിതാവിന്റെ 12–ാം ചരമവാർഷികം

(ഏപ്രിൽ 1)



ഏപ്രിൽ 01–ാം തീയതി വൈകിട്ട് 6.00 മണിക്ക് എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കയിൽ അഭിവന്ദ്യ **കർദിനാൾ മാർ വർക്കി വിതയത്തിൽ** പിതാവിനുവേണ്ടി സമൂഹബലിയും അനുസ്മരണ പ്രാർത്ഥനയും ഉണ്ടായിരിക്കും. ജനങ്ങളെ മുൻകൂട്ടി അറിയിച്ചുകൊണ്ട് നമ്മുടെ എല്ലാപള്ളികളിലും പിതാവിനുവേണ്ടി വിശുദ്ധ കുർബാനയും ഒപ്പീസും നടത്തേണ്ടതാണ്.

**ഫാ. വർഗീസ് പൊട്ടയ്ക്കൽ**
**പ്രോട്ടോ സിഞ്ചെല്ലൂസ്**

## കച്ചേരിക്കാര്യം

# Transfers/Appointments

## March 11, 2023

| | |
|---|---|
| Fr. Varghese Alukkal | Ayyampuzha & Potta |
| Fr. Varghese Arackal | Karippassery |
| Fr. George Athappilly | Narakkal |
| Fr. Michael Attummel | Akapparambu |
| Fr. Paul (Jino) Bharanikulangara | Director, KCYM & Asst. Manager, Mar Louis, Ernakulam (Residence - Renewal Centre) |
| Fr. Sebastian Channappallil | Ezhupunna |
| Fr. Thomas (Sinto) Cheerakathil | Thundathumkadavu |
| Fr. Paul (Shaju) Cherupilly | Edakkunnu & Director, St. Paul's Priest Home, Edakkunnu |
| Fr. Xavier (Abin) Chirackal | Olive Mount & Asst. Director, KCYM |
| Fr. Joseph (Ebey) Edassery | Eloor |
| Fr. Mathew (Jessab) Enchakattumannil | Pandupara & Plantation $X^{th}$ Block |
| Fr. Jacob (Vince) Kachappilly | Circulation Manager, Sathyadeepam (Addl.) |
| Fr. Paul Kachappally | Kongorpilly |
| Fr. Paul (Disto) Kadalikkattil | Naipunnya Public School, Thrikkakara (Resi. Vazhakala) |
| Fr. Paul Kaiprampadan | Pazhanganad |
| Fr. Joyce Kaithakottil | Kandanad & Vattukunnu |
| Fr. Varghese Kalapparambath | Retired - Vijo Bhavan |
| Fr. Kuriakose Kalappurackal | Santhome Priest Home, Pothy |

| | |
|---|---|
| Fr. Kuriakose (Juby) Kalathiparambil | Kumbalam (Relieved - Asst. M.D. & Circulation Manager, Sathyadeepam) |
| Fr. Joseph (Biju) Kandathil | Kodussery |
| Fr. Varghese (Baiju) Kannampilly | Njaralloor |
| Fr. Santo (Varghese) Kannampuzha | Pushpagiri |
| Fr. Joseph (Saje) Kannaparamban | Vyttila |
| Fr. Thomas (Julius) Karukanthara | Kunnel (Relieved - Director, KCYM & Asst. Manager, Ernakulam - Mar Louis Book Centre) |
| Fr. Joseph Karumathy | Aluva |
| Fr. Kurian Kattakayam | Vennala |
| Fr. Mathew (Denny) Kattayil | Director, Subodhana Pastoral Centre; Director, Family Units and Parish Renewal & Chaplain - St. Martin Shrine, Angamaly S.) |
| Fr. George Katteth | Spiritual Father, L.F. Hospital, Angamaly |
| Fr. Francis Kavalipadan | Champannoor North |
| Fr. Varkey (Jithin) Kavalippadan | Calvary & Asst. Manager, Mar Louis (Karukutty) |
| Fr. Kuriakose (Subin) Kidangan | Chethicode |
| Fr. Abraham Kidangen | Thamarachalpuram |
| Fr. Berchmans Kodackal | Vaikom Forane |
| Fr. Peter (Shabu) Koikkara | Vilangu |
| Fr. Joy Kolenchery | Vazhakala |
| Fr. Varghese Kozhikkadan | Ambunad |
| Fr. Paul (Stenny) Kunnekkadan | Kuthiathode New |
| Fr. Antony (Jithu) Kurickavelichira | Vijopuram |
| Fr. Paul Madan | Rector, S.H. Minor Seminary & Director, Vijo Bhavan, Thrikkakara |

| | |
|---|---|
| Fr. Varghese (Geo) Madappadan | Associate Editor, *Vachanadhara* (Addl.) |
| Fr. Jose Makkothakkatt | Resident Priest - Pallippuram |
| Fr. Mathew Manavalan | Kaippattoor |
| Fr. Paul Manavalan (K) | Retired - St. Paul's Priest Home, Edakkunnu |
| Fr. Sebastian (Sibin) Manayampilly | Residence - Palarivattam |
| Fr. Mathew Mangalath | Resident Priest - Karukutty |
| Fr. Jacob Manjaly | Mattoor |
| Fr. Antony Mankuriyil | Kakkanad |
| Fr. Kuruvila Marottikkal | Irimpanam & Director, Social Welfare Centre, Kalamassery |
| Fr. Paul (Jaison) Meledath | Varapuzha |
| Fr. George Moonjely | Neericode |
| Fr. Kuriakose Mundadan | Kuzhuppilly |
| Fr. George Nellissery | Chunangamvely |
| Fr. Paul (Jery) Njaliath | Kacheripady (May 15, 2023) |
| Fr. Tharian Njaliath | Fort Kochi |
| Fr. Davis (Ajil) Padannakkal | Asst. Director, Lisie Hospital, Ernakulam |
| Fr. Sebastian Palatty | Yanam, Elavoor |
| Fr. Varghese Palatty (Sr.) | St. Paul's Priest Home, Edakkunnu |
| Fr. Jacob Pallickal | Chendamangalam |
| Fr. Simon Pallupetta | Thoppil |
| Fr. James Panavelil | Sanjopuram |
| Fr. Antony (Subin) Parackal | Yordhanapuram |
| Fr. Paul (Shiju) Parecattil | Kurumassery |
| Fr. Varghese (Albin) Parecattil | Asst. Managing Director & Asst. Circulation Manager, *Sathyadeepam* (Addl.) |

| | |
|---|---|
| Fr. Antony Poothavelil | Moozhikulam Forane (Relieved - Administrator *sede plena*, Basilica, Ernakulam) |
| Fr. Varghese Poothavelithara | Beslehem |
| Fr. Sebastian (Rajan) Punnakkal | Study (Acting Vicar, Kacheripady - till May 15, 2023) (Relieved - Director, Subodhana Pastoral Centre; Director, Family Units and Parish Renewal & Chaplain - St. Martin Shrine, Angamaly South) |
| Fr. Joseph (Sanu) Puthussery | Chakkaraparambu |
| Fr. Mathew Thachil | Prasadagiri (Relieved - Asst. Director, KCYM) |
| Fr. Sebastian Thalian | Retired - St. Paul's Priest Home, Edakkunnu (Relieved - Director, St. Paul's Priest Home, Edakkunnu) |
| Fr. John Thekken | Valluvally |
| Fr. Joseph Thekkinen | Annanad |
| Fr. Jose Thottakkara | Thannipuzha |
| Fr. Varghese (Lal) Thottiyil | Resident Priest, Kizhakkambalam Forane (Relieved - Pro. Vicar, Padamugal) |
| Fr. Jetto Thottungal | Asst. Director (Construction Co-ordinator), Lisie Hospital, Ernakulam (Relieved - Vicar, Pushpagiri) |
| Fr. James Thuruthikkara | Director, CML (Addl) |
| Fr. Varghese (Arun) Valiaveettil | Asst. Executive Director, Naipunnya Institute, Pongam (Addl.) |

| | |
|---|---|
| Fr. Jose Vallayil | Puthiakavu |
| Fr. Mathew (Vinil) Varikkattupadam | Valamangalam |
| Fr. James (Jomish) Vattakkara | Padamugal & Asst. Executive Director, Bharata Matha School of Legal Studies, Choondy |
| Fr. Augustine Vattoly | Kadamakudy |

Relieved

| | |
|---|---|
| Fr. Prince Chirayath MS | Relieved - Vilangu |
| Fr. Thomas (Jimmy) Kakkattuchira | Relieved - Director, Social Welfare Centre, Kalamassery |
| Fr. Thomas (Joshy) Kalapparambath | Relieved - Director, CML |
| Fr. Joseph Kozhikkadan | Relieved - Champannoor North |
| Fr. Antony Madathumpady | Relieved - Signatory, Social Welfare Centre, Kalamassery |
| Fr. Thomas Mazhuvanchery | Relieved - Asst. Executive Director, Bharata Mata School of Legal Studies, Choondy |
| Fr. Jose Poovannikunnel CSsR | Relieved - Varapuzha |
| Fr. Varghese Pullan SAC | Relieved - Calvary |
| Fr. George (Siby) Puthenparambil | Relieved - Kumbalam |
| Fr. Jacob (Joyson) Puthussery | Relieved - Asst. Manager, Mar Louis (Karukutty) |
| Fr. Gregorious (Jiju) Thuruthikkara | Relieved - Pandupara & Plantation $X^{th}$ Block |
| Fr. Sebastian Vazhappilly | Relieved - Eloor |

**CHANCELLOR**
February 25, 2023

## മുൻ വർഷത്തെ തിരട്ട്

മുൻ വർഷത്തെ തിരട്ട് ഏല്പിക്കാത്ത ഏതാനും പള്ളികൾകൂടിയുള്ളതായി മനസ്സിലാക്കുന്നു. എത്രയും വേഗം കണക്കുകൾ പാസ്സാക്കി തിരട്ടും അനുബന്ധ കണക്കുകളും ഭദ്രാസനഫീസോടുകൂടി അതിരൂപതാ ഫിനാൻസ് ഓഫീസിൽ സമർപ്പിക്കാൻ ബഹുമാനപ്പെട്ട വികാരിമാർ ശ്രദ്ധിക്കുമല്ലോ.

**ഫാ. പോൾ മാടശ്ശേരി**
**ഫിനാൻസ് ഓഫീസർ**

---

## അതിരൂപതാ ഡയറക്ടറി

2023 - 24 വർഷത്തെ അതിരൂപതാ ഡയറക്ടറി പ്രസിദ്ധീകരിക്കുവാൻ തയ്യാറെടുക്കുന്നു. തിരുത്തലുകൾ അതിരൂപതാ കച്ചേരിയിൽ എത്തിച്ചുതരണമെന്ന് താല്പര്യപ്പെടുന്നു. **Mobile, E-mail ID** എന്നിവ നൽകേണ്ടതാണ്.

**ലാൻഡ് ഫോൺ നമ്പർ**, **വിലാസം**, **പിൻകോഡ്** എന്നിവയ്ക്കു വ്യത്യാസം വന്നിട്ടുണ്ടെങ്കിൽ പുതുക്കി നല്കേണ്ടതാണ്.

E-mail: **directoryekm@gmail.com**

Chancellor



# നിര്യാതരായി



## ഫാ. ജോസ് തച്ചിൽ

**ജനനം: 01-06-1935**
**തിരുപ്പട്ടം: 11-02-1961**
**മരണം: 09-02-2023**

എളിമയുടെയും ലാളിത്യത്തിന്റെയും മാതൃകയായ ബഹുമാനപ്പെട്ട ജോസ് തച്ചിൽ അച്ചൻ 1935 ജൂൺ 1-ാം തീയതി തച്ചിൽ പരേതരായ ലോനപ്പൻ മേരി ദമ്പതികളുടെ പത്ത് മക്കളിൽ ഒരാളായി ജനിച്ചു. പ്രാഥമികവിദ്യാഭ്യാസത്തിനുശേഷം എറണാകുളം അതിരൂപതാ മൈനർ സെമിനാരിയിൽ ചേർന്നു. തുടർന്ന്, ആലുവ മംഗലപ്പുഴ സെമിനാരിയിൽ നിന്ന് വൈദികപരിശീലനം പൂർത്തിയാക്കി 1961 മാർച്ച് 11-ാം തീയതി കർദിനാൾ മാർ ജോസഫ് പാറേക്കാട്ടിൽ പിതാവിൽനിന്ന് തിരുപ്പട്ടം സ്വീകരിച്ചു. ചുണങ്ങംവേലി, അശോകപുരം, മേലൂർ ഇടവകകളിൽ അസിസ്തേന്തിയായും കാടുകുറ്റി, വാഴക്കുളം, അശോകപുരം, കൈപ്പട്ടൂർ, ആമ്പല്ലൂർ, പള്ളുരുത്തി, കരയാംപറമ്പ്, വേങ്ങൂർ, കാരണക്കോടം, തോപ്പിൽ, കോക്കമംഗലം, മുട്ടം, കൊതവറ, ചക്കരക്കടവ്, നീറിക്കോട്, തുതിയൂർ, പുത്തൻപള്ളി എന്നീ ഇടവകകളിൽ വികാരിയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. എ.കെ.സി.സി. യുടെ അതിരൂപതാ ഡയറക്ടർ, കൃപാലയം ഡയറക്ടർ, സോഷ്യൽ വെൽഫയർ സർവ്വീസസ് ഡയറക്ടർ, അമ്മ മാസികയുടെ അസോസിയേറ്റ് എഡിറ്റർ, മലബാർ മെയിലിന്റെ എഡിറ്റർ, കെ.സി.വൈ.എം.-ന്റെ ആദ്യരൂപമായിരുന്ന കാത്തലിക് യൂത്ത് ഫെഡറേഷന്റെ ഡയറക്ടർ, എറണാകുളം ബസിലിക്കയോട് ചേർന്നുള്ള ആരാധനാ ചാപ്പലിന്റെ ചാപ്ലെയിൻ എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. സെമിനാരി പഠനകാലത്ത് തന്നെ എഴുത്തിൽ തല്പരനായിരുന്ന അദ്ദേഹം, കർദിനാൾ ടിസ്സറംഗിന്റെ പ്രശസ്ത ഗ്രന്ഥമായ *ഇന്ത്യയിലെ പൗരസ്ത്യ ക്രൈസ്തവരുടെ കഥ* (വിവർത്തനം) തുടങ്ങി 12 പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. എഴുത്തുകാരൻ, സാമൂഹ്യ പരിഷ്

കർത്താവ്, വിദ്യാഭ്യാസ പ്രവർത്തകൻ, സംഘാടകൻ, കലാസാംസ്കാരിക രംഗങ്ങളിൽ താല്പര്യം പുലർത്തിയ വ്യക്തി എന്നീ നിലകളിൽ തന്റേതായ വ്യക്തി മുദ്ര പതിപ്പിച്ച ബഹു. ജോസ് അച്ചന് കെ.സി.ബി.സി. ഗുരുപൂജ പുരസ്കാരം നൽകി ആദരിച്ചിട്ടുണ്ട്. വിവിധ ഇടവകകളിലെയും സ്ഥാപനങ്ങളിലെയും അജപാലനശുശ്രൂഷകൾക്കു ശേഷം തൃക്കാക്കര വിജോഭവനിൽ വിശ്രമജീവിതം നയിച്ചു വരികയായിരുന്നു ബഹുമാനപ്പെട്ട ജോസ് അച്ചൻ. വാർധക്യസഹജമായ അസുഖങ്ങളാൽ തന്റെ 87-ാം വയസ്സിൽ, 2023 ഫെബ്രുവരി 09-ാം തീയതി, വ്യാഴാഴ്ച വൈകിട്ട് എറണാകുളം ലിസി ആശുപത്രിയിൽ വച്ച് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു.

ബഹുമാനപ്പെട്ട ജോസ് തച്ചിൽ അച്ചന്റെ മൃതദേഹം 2023 ഫെബ്രുവരി 10-ാം തീയതി വെള്ളിയാഴ്ച രാവിലെ 7.30 മുതൽ 8.30 വരെ തൃക്കാക്കര വിജോഭവനിൽ പൊതുദർശനത്തിനു കൊണ്ടുവന്നു. മാർ ആന്റണി കരിയിൽ, മാർ ജോസ് പുത്തൻവീട്ടിൽ, മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ എന്നീ പിതാക്കന്മാർ തൃക്കാക്കര വിജോഭവനിലെത്തി ഒപ്പീസ് ചൊല്ലി. രാവിലെ 10.00 മുതൽ 11.30 വരെ നായരമ്പലത്തുള്ള ഭവനത്തിലും, തുടർന്ന്, 12.00 മണി മുതൽ ഞാറയ്ക്കൽ സെന്റ് മേരീസ് പള്ളിയിലും പൊതുദർശനത്തിനു വച്ചു. ഉച്ചകഴിഞ്ഞ് 2.30-ന് വിശുദ്ധ കുർബാനയോടുകൂടി ബഹുമാനപ്പെട്ട ജോസ് തച്ചിൽ അച്ചന്റെ മൃതദേഹസംസ്കാരശുശ്രൂഷകളുടെ മൂന്നാം ഭാഗം ആരംഭിച്ചു.

എറണാകുളം ബസിലിക്ക ഫൊറോനാ വികാരി പെരിയ ബഹുമാനപ്പെട്ട മോൺസിഞ്ഞോർ ആന്റണി നരികുളം അച്ചനാണ് വിശുദ്ധ കുർബാനയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചത്. കുടുംബാംഗങ്ങളായ ബഹുമാനപ്പെട്ട ഫാ. ജോസ് തച്ചിൽ, ഫാ. ജോസ് തച്ചിൽ എസ്.ജെ., ബന്ധുവായ ഫാ. വക്കച്ചൻ കൂമ്പയിൽ, അതിരൂപതയുടെ സിഞ്ചെല്ലൂസ് മോൺസിഞ്ഞോർ ആന്റണി പെരുമായൻ, തച്ചിലച്ചന്റെ കൊച്ചച്ചന്മാരായിരുന്ന ഫാ. വർഗീസ് മാമ്പിള്ളി, ഫാ. പോൾ കൈപ്രമ്പാടൻ എന്നിവരാണ് മദ്ബഹയിൽ സഹകാർമ്മികരായത്.

മോൺസിഞ്ഞോർ ആന്റണി പെരുമായൻ അച്ചൻ ആമുഖ സന്ദേശം നല്കി. ബാംഗ്ലൂരിലായതിനാൽ ബഹുമാനപ്പെട്ട ജോസച്ചന്റെ അന്ത്യകർമ്മങ്ങളിൽ നേരിട്ട് സംബന്ധിക്കാൻ കഴിയില്ല എന്നറിയിച്ചുകൊണ്ട് അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ ആർച്ചുബിഷപ്

ആൻഡ്രൂസ് താഴത്ത് പിതാവ് അയച്ച അനുശോചനസന്ദേശം വിശുദ്ധ കുർബാനയ്ക്കു മുൻപ് വായിച്ചു.

"സൗമ്യവും ശാന്തവുമായ ഇടപെടലുകളിലൂടെ അജപാലന മേഖലയിൽ തനതായ മുദ്ര പതിപ്പിക്കാൻ ജോസ് തച്ചിൽ അച്ചന് കഴിഞ്ഞു എന്നത് സന്തോഷപൂർവ്വം ഞാൻ അനുസ്മരിക്കുന്നു. എറണാകുളം-അങ്കമാലി അതിരൂപതയിൽ ജോസ് തച്ചിലച്ചൻ സേവനം ചെയ്ത ഇടവകകളിലെയും സ്ഥാപനങ്ങളിലെയും എല്ലാ ജനങ്ങളും സഹപ്രവർത്തകരും വലിയ ആദരവോടെ കണ്ട വ്യക്തിത്വമായിരുന്നു ജോസ് തച്ചിലച്ചന്റേത്. യുവജന മുന്നേറ്റത്തെ രൂപപ്പെടുത്തുന്നതിലും, കുടുംബങ്ങളെയും പൊതു സമൂഹത്തെയും ക്രിസ്തീയമായി സ്വാധീനിക്കുന്ന മുദ്രാലയ പ്രേഷിത മേഖലയിൽ സ്ഥിരോൽസാഹത്തോടെ സേവനം ചെയ്യുന്നതിലും, ഭാരതീയവും ക്രൈസ്തവവുമായ ആത്മീയ ദർശനങ്ങളുടെയും സാധനകളുടെയും സമന്വയസാധ്യതകൾ കണ്ടെത്തുന്നതിലും ഗണ്യമായ വിജയം വരിച്ച ഒരു ഗുരുശ്രേഷ്ഠ നാണ് വന്ദ്യനായ ജോസ് തച്ചിലച്ചൻ" (അനുശോചന സന്ദേശ ത്തിൽനിന്ന്).

28 വർഷങ്ങൾക്ക് മുൻപ് ചേർത്തല മുട്ടം ഫൊറോന പള്ളിയിൽ ഒരു വർഷക്കാലം അച്ചന്റെ അസിസ്തേന്തിയായി സേവനം ചെയ്ത ബഹു മാനപ്പെട്ട പോൾ കൈപ്രമ്പാടൻ അച്ചനാണ് മൃതസംസ്കാര ശുശ്രൂഷ യിലെ വിശുദ്ധ കുർബാന മധ്യേ വചന സന്ദേശം നൽകിയത്. വിശുദ്ധി തുളുമ്പി നൽകുന്ന മസ്തകം, പുണ്യം നിറഞ്ഞ ഭാവം എളിമയുടെ മകുടോദാഹരണം എന്നിങ്ങനെ ജോസച്ചനെ വിശേഷിപ്പിക്കാൻ വാക്കു കളേറെയാണ്. അങ്കമാലിയിലെ അമ്മ മാസികയുടെ സ്ഥാപക പത്രാ ധിപർ ജീവിച്ചിരിക്കുമ്പോൾതന്നെ കാൽനൂറ്റാണ്ടുകാലം അവിടെ സേവനം ചെയ്ത ജോസച്ചനെ അമ്മത്തച്ചിൽ എന്നാണ് വിളിച്ചു കൊണ്ടിരുന്നത്. മാതൃത്വത്തിന്റെ വിശുദ്ധിയും പുണ്യവും സൂക്ഷിച്ച വന്ദ്യവൈദികനായ ജോസച്ചന് അമ്മത്തച്ചിൽ എന്നപേര് അദ്ദേഹ ത്തിന്റെ വ്യക്തിത്വം പ്രകാശനം ചെയ്യുന്നതായിരുന്നു. പ്രത്യക്ഷത്തിൽ കൈകാര്യം ചെയ്യാൻ ബുദ്ധിമുട്ടുള്ള കാര്യങ്ങൾപോലും വളരെ അനാ യാസം ജോസച്ചൻ നേരിട്ടു. ഏറെ ശാന്തനായിരുന്ന ജോസച്ചൻ ജപ മാല കൈയിലെടുത്തു മുട്ടത്തുമാതാവിന്റെ മുഖത്തുനോക്കി പ്രാർത്ഥി

ക്കുമ്പോൾ തനിക്കു ലഭിക്കുന്ന ദൈവാനുഭവം പലരോടും പങ്കുവച്ചി ട്ടുണ്ട്.

നല്ലൊരു കുമ്പസാരക്കാരനായിരുന്നു ജോസച്ചൻ. വിജോഭവനിൽ വിശ്ര മജീവിതം നയിക്കുമ്പോഴും മെത്രാന്മാരും വൈദികരും അല്മായ സഹോദരങ്ങളും അച്ചന്റെ അടുത്തുവന്ന് കുമ്പസാരിച്ചിരുന്നു. പരിഭവ ങ്ങളില്ലാതെ താനായിരിക്കുന്ന സ്ഥലങ്ങളിലെല്ലാം വിശുദ്ധി പ്രസരി പ്പിച്ച് സംതൃപ്തിയോടെ ജീവിച്ചുകാണിച്ചുതന്നു ജോസച്ചൻ. തന്റെ രോഗാവസ്ഥയിലും സഹനങ്ങളിലും ചിരിക്കുന്ന മുഖവുമായിട്ടേ ജോസ ച്ചനെ കാണാനായിരുന്നുള്ളൂ. വിശുദ്ധരായ, തീക്ഷ്ണമതികളായ അനേകം വ്യക്തികളെ എറണാകുളം-അങ്കമാലി അതിരൂപതയ്ക്കും, സീറോമലബാർസഭയ്ക്കും നൽകിയ മുത്തശിയാണ് ഞാറയ്ക്കൽ സെന്റ് മേരീസ് പള്ളി. വിശുദ്ധ ജീവിതം നയിച്ച ജോസച്ചനും ഈ പുണ്യജന്മങ്ങളുടെ ഇടയിൽതന്നെയാണ് നിലകൊള്ളുന്നത്.

മൃതസംസ്കാര ശുശ്രൂഷയുടെ അവസാനഭാഗത്ത് മേജർ ആർച്ചുബി ഷപ് കർദിനാൾ ജോർജ് ആലഞ്ചേരി പിതാവാണ് മുഖ്യകാർമ്മികത്വം വഹിച്ചത്. അഭിവന്ദ്യ ഗ്രേഷ്യൻ മുണ്ടാടൻ പിതാവും സന്നിഹിതനായി രുന്നു. ദൈവജനത്തിന്റെ എല്ലാ ജീവിത പ്രശ്നങ്ങളിലും ഇടപെടുകയും അതുവഴി അവർക്ക് ദൈവാനുഗ്രഹത്തിന് വഴിയൊരുക്കുകയും ചെയ്ത തച്ചിലച്ചന്റെ ദൈവജനത്തോടുള്ള ആഭിമുഖ്യത്തെ ആലഞ്ചേരി പിതാവ് അനുസ്മരിച്ചു. അച്ചന്റെ ഭാഷ ചാതുര്യവും വിശ്വാസവിഷയങ്ങളിൽ ഉള്ള പ്രാവീണ്യവും തെളിയിക്കുന്നതായിരുന്നു അമ്മ മാസികയിലൂടെയുള്ള അദ്ദേഹത്തിന്റെ സേവനം. താൻ എറണാകുളം-അങ്കമാലി അതി രൂപതയിൽ ശുശ്രൂഷ ചെയ്യാൻ ആരംഭിച്ച കാലത്ത് ആരാധനാ ദേവാലയ ത്തിന്റെ ചാപ്ലിൻ ആയി സേവനമനുഷ്ഠിച്ചിരുന്ന തച്ചിലച്ചൻ കൂരിയാ കാര്യങ്ങളിലും സഹായിക്കുമായിരുന്നു എന്ന് ആലഞ്ചേരി പിതാവ് അനുസ്മരിച്ചു. കത്തോലിക്കാ കോൺഗ്രസിന്റെ ഉപദേശകനായിരുന്നു സമയത്ത് സംഘടനയുടെ വളർച്ച വലുതായിരുന്നു.

ബഹുമുഖപ്രതിഭയും സർവ്വധർമ്മസാഹോദര്യത്തിന്റെ പതാകവാഹ കനും അവിസ്മരണീയ ആത്മീയാചാരനുമായിരുന്ന ബഹുമാനപ്പെട്ട ജോസ് തച്ചിലച്ചന് എറണാകുളം-അങ്കമാലി അതിരൂപതയുടെ പ്രണാമം.

■



**സി. കമില്ല CSN**

സിസ്റ്റേഴ്സ് ഓഫ് നസ്രത്ത്, പാദുവാപുരം

ജനനം : 15-06-1940

ആദ്യവ്രതം : 16-08-1966

മരണം : 06-02-2023



**സി. ആർനെറ്റ് CMC**

സെന്റ് ജെർമെയിൻസ് കോൺവെന്റ്, ചെങ്ങൽ

ജനനം : 14-04-1941

ആദ്യവ്രതം : 02-05-1959

മരണം : 01-02-2023



**സി. ഗ്രാസിയ പുന്നശ്ശേരി FCC**

എസ്.എച്ച്. പ്രൊവിൻസ്, എറണാകുളം

ജനനം : 12-09-1940

ആദ്യവ്രതം : 07-05-1963

മരണം : 31-01-2023



**സി. സർട്ടോ MSJ**

(അന്നം കാട്ടാംകോട്ടിൽ, കല്ലൂർക്കാട്)

നിർമ്മല പ്രൊവിൻസ്, ആലുവ

ജനനം : 04-11-1936

ആദ്യവ്രതം : 24-09-1959

മരണം : 22-01-2023

# വാർത്തകളും വിശേഷങ്ങളും

## മാർപാപ്പ ആഫ്രിക്കയിൽ

ഫ്രാൻസിസ് മാർപാപ്പ ആഫ്രിക്കയിലെ കോംഗോയിലും ദക്ഷിണ സുഡാനിലും (2023 ജനുവരി 31 - ഫെബ്രുവരി 5) സന്ദർശനം നടത്തി. കഴിഞ്ഞ 37 വർഷത്തിനിടെ ആദ്യമായാണ് കോംഗോയിൽ ഒരു മാർപാപ്പ എത്തുന്നത്. 2011-ൽ രൂപീകൃതമായ ദക്ഷിണ സുഡാനിലേക്ക് പേപ്പൽ സന്ദർശനം ആദ്യമായിട്ടാണ്. ദക്ഷിണ സുഡാനിലേക്ക് ആംഗ്ലിക്കൻ ആർച്ചുബിഷപ് ജസ്റ്റിൻ വെൽബിയും ചർച്ച് ഓഫ് സ്കോട്ട്ലൻഡ് മോഡറേറ്റർ ഇയാൻ ഗ്രീൻഷീൽഡ്സും പാപ്പായ്ക്കൊപ്പമുണ്ടായിരുന്നു. ഇതിനെ സമാധാനത്തിന്റെ സഭൈക്യതീർത്ഥാടനമെന്നു മാർപാപ്പ നേരത്തെ വിശേഷിപ്പിച്ചിരുന്നു.

## പൗരസ്ത്യകാര്യാലയാദ്ധ്യക്ഷൻ തുർക്കിയിയും സിറിയയിലും സന്ദർശനം നടത്തി

വത്തിക്കാൻ പൗരസ്ത്യകാര്യാലയത്തിന്റെ പുതിയ അദ്ധ്യക്ഷനായി നിയമിതനായിരിക്കുന്ന ആർച്ചുബിഷപ് ക്ലൗദിയോ ഗുജെറോത്തി, ഭൂകമ്പം നാശം വിതച്ച സിറിയയിലെയും തുർക്കിയിലെയും കത്തോലിക്കരെ 2023 ഫെബ്രുവരി 17 മുതൽ 21 വരെ സന്ദർശിച്ചു. ദുരിതാശ്വാസപ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന മെത്രാന്മാരെയും കാരിത്താസ് പ്രവർത്തകരെയും മറ്റു സന്നദ്ധസംഘടനാപ്രവർത്തകരെയും കാണുന്നതിനും മാർപാപ്പയുടെ കരുതൽ നേരിട്ടു പ്രകടിപ്പിക്കുന്നതിനുമാണ് പ്രതിനിധിയായി ആർച്ചുബിഷപ് തുർക്കിയിലേക്കു പോയതെന്നു വത്തിക്കാൻ പത്രക്കുറിപ്പിൽ അറിയിച്ചു. തുർക്കിയിലേക്കും സിറിയയിലേക്കും മാർപാപ്പയുടെ പ്രത്യേക സഹായങ്ങൾ ഇതിനകം അയച്ചിട്ടുണ്ട്. ഇരു രാജ്യങ്ങൾക്കും വേണ്ടി മാർപാപ്പ ലോകത്തോട് സഹായാഭ്യർത്ഥന നടത്തുകയും ചെയ്തു. വത്തിക്കാനിലേക്കു നിയമിതനായ പുതിയ തുർക്കി സ്ഥാനപതിക്ക് പാപ്പാ കൂടിക്കാഴ്ച അനുവദിക്കുകയും തന്റെ സന്ദേശം സ്വന്തം കൈപ്പടയിലെഴുതി നൽകുകയും ചെയ്തു. ഫെബ്രുവരി 6 ന് ഉണ്ടായ ഭൂകമ്പത്തിലും തുടർചലനങ്ങളിലും ഏകദേശം അര ലക്ഷത്തോളം മനുഷ്യർ കൊല്ലപ്പെട്ടിട്ടുണ്ട്. 24 ലക്ഷം പേർ ഭവനരഹിതരായി. പ്രാദേശിക

സഭാനേതാക്കൾക്കു പുറമെ എയ്ഡ് ടു ദ ചർച്ച് ഇൻ നീഡ്, കാത്തലിക് റിലീഫ് സർവീസസ്, കാരിത്താസ് സിറിയ, ജെസ്യൂട്ട് റെഫ്യൂജി സർവീസ് തുടങ്ങിയ സംഘടനകളുമായും ആർച്ചുബിഷപ് ഗുജെറോത്തി ചർച്ചകൾ നടത്തുകയും അഭയാർത്ഥികളെ പാർപ്പിച്ചിരിക്കുന്ന സ്ഥലങ്ങൾ സന്ദർശിക്കുകയും ചെയ്തു.

**പൗരസ്ത്യസഭകൾക്കായുള്ള വത്തിക്കാൻ ഡികാസ്റ്ററിക്ക് പുതിയ സെക്രട്ടറി**

പൗരസ്ത്യസഭകൾക്കായുള്ള വത്തിക്കാൻ ഡികാസ്റ്ററിയുടെ കാര്യനിർവഹണങ്ങളുടെ പുതിയ സെക്രട്ടറിയായി മാറോണീത്ത അന്തോണിയൻ സഭ സമൂഹത്തിലെ അംഗമായ ഫാ. മൈക്കിൾ ജലാഖിനെ ഫ്രാൻസിസ് പാപ്പാ നിയമിച്ചു. ഇതേ ഡികാസ്റ്ററിയുടെ പുതിയ പ്രീഫെക്ട് ആയി ആർച്ചുബിഷപ് ക്ലൗദിയോ ഗുജ്ജറോത്തിയെ നിയമിച്ചതിന് പിന്നാലെയാണ് സെക്രട്ടറിയായി ഫാ. മൈക്കിളിനെയും നിയമിക്കുന്നത്.

---

## Notification

The Bishop of the Eparchy of Chanda has informed that **Fr. Joshy Chettiyanchira**, an incardinated priest of the Eparchy of Chanda, belonging to St. Anne's Parish, Uzhuva in the Archeparchy of Ernakulam-Angamaly, has been debarred from celebration of all sacraments in public or private.

Chancellor
Archeparchy of Ernakulam-Angamaly

# AICO
## (Archdiocesan Institutions' Central Office)

**ബോർഡ് മീറ്റിംഗ്**

| | |
|---|---|
| ജനുവരി 28 | 1. നൈപുണ്യ വെൽഫെയർ സർവീസസ്, പൊങ്ങം<br>2. നൈപുണ്യ പബ്ലിക് സ്കൂൾ, എടക്കുന്ന് |
| ജനുവരി 30 | റിന്യൂവൽ സെന്റർ, കലൂർ |
| ഫെബ്രു. 11 | മാതാ നഗർ പബ്ലിക് സ്കൂൾ, കടവന്ത്ര |

**സൈറ്റ്/കൺസ്ട്രക്ഷൻ കമ്മിറ്റി മീറ്റിംഗ് & സൈറ്റ് വിസിറ്റ്**

| | |
|---|---|
| ജനുവരി 25 | സെന്റ് ജോസഫ് എൽ. പി. സ്കൂൾ, മേലൂർ |
| ഫെബ്രു. 01 | ഭാരത മാതാ കോളേജ്, തൃക്കാക്കര |
| ഫെബ്രു. 03 | ലൂർദ്ദ് സെന്റർ, ആലുവ |
| ഫെബ്രു. 06 | നൈപുണ്യ പബ്ലിക് സ്കൂൾ, എടക്കുന്ന് |
| ഫെബ്രു. 09 | 1. ജിയോ സെന്റർ, ചക്കരപ്പറമ്പ്<br>2. മദർ തെരേസ ഹോസ്റ്റൽ, തുതിയൂർ |
| ഫെബ്രു. 13 | 1. നൈപുണ്യ ഇൻസ്റ്റിറ്റ്യൂട്ട്, പൊങ്ങം<br>2. നൈപുണ്യ പബ്ലിക് സ്കൂൾ, കൊച്ചി |
| ഫെബ്രു. 15 | 1. നൈപുണ്യ പബ്ലിക് സ്കൂൾ, കൊച്ചി<br>2. സെന്റ് ജോസഫ് എൽ. പി. സ്കൂൾ, മേലൂർ |
| ഫെബ്രു. 17 | സെന്റ് ആന്റണീസ് ചർച്ച്, കിഴക്കമ്പലം |

**ഫാ. വർഗീസ് പൊട്ടയ്ക്കൽ**
**പ്രോട്ടോ സിഞ്ചെല്ലൂസ്**

# അതിരൂപത കുടുംബ കൂട്ടായ്മ കേന്ദ്രം

## മലയാറ്റൂർ തീർത്ഥാടനം 2023

നോമ്പുകാലത്തെ മലയാറ്റൂർ തീർത്ഥാടനം നിശ്ചയിക്കപ്പെട്ടിരിക്കുന്ന ഞായറാഴ്ചകളിൽ തന്നെ കുടുംബയുണിറ്റ് ഭാരവാഹികളുടെ നേതൃത്വത്തിൽ നടത്തുവാൻ വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ! എല്ലാ തീർത്ഥാടകരും മലയാറ്റൂർ അടിവാരത്തിൽ വൈകീട്ട് 4.00 മണിക്ക് എത്തിച്ചേർന്ന് പ്രാരംഭ പ്രാർത്ഥയിൽ പങ്കെടുത്തശേഷം തീർഥാടനം ആരംഭിക്കുവാൻ താത്പര്യപ്പെടുന്നു.

ഓരോ ഫൊറോനയ്ക്കുമായി നിശ്ചയിച്ചിരിക്കുന്ന ദിവസങ്ങൾ

| | |
|---|---|
| മാർച്ച് 5 | - മഞ്ഞപ്ര, ഇടപ്പള്ളി, വല്ലം |
| മാർച്ച് 12 | - മൂക്കന്നൂർ, എറണാകുളം, കാഞ്ഞൂർ, കറുകുറ്റി |
| മാർച്ച് 19 | - കിഴക്കമ്പലം, തൃപ്പൂണിത്തറ |
| മാർച്ച് 26 | - അങ്കമാലി, ചേർത്തല, കൊരട്ടി, വൈക്കം |
| ഏപ്രിൽ 5 | - മൂഴിക്കുളം, പറവൂർ, പള്ളിപ്പുറം |

**ഫൊറോന കോഡിനേറ്റർമാർ**

1. അങ്കമാലി - ഫാ. ആന്റണി പരവര
2. ഇടപ്പള്ളി - ഫാ. സേവ്യർ തേലക്കാട്ട്
3. കിഴക്കമ്പലം - ഫാ. സാജോ പടയാട്ടി
4. കൊരട്ടി - ഫാ. പോൾ രാജ് കൊടിയൻ
5. മഞ്ഞപ്ര - ഫാ. സാജു കൊരേൻ
6. പറവൂർ - ഫാ. ബൈജു വടക്കുംചേരി
7. തൃപ്പൂണിത്തറ - ഫാ. ഷനു മൂഞ്ഞേലി
8. വൈക്കം - ഫാ. പോൾ കോട്ടക്കൽ
9. വല്ലം - ഫാ. ബാബു കളത്തിൽ

ചേർത്തല, എറണാകുളം, കാഞ്ഞൂർ, കറുകുറ്റി, മൂക്കന്നൂർ, മൂഴിക്കുളം, പള്ളിപ്പുറം എന്നീ ഫോറോനകളുടെ കോർഡിനേറ്റർമാരെ ഫൊറോനാ വികാരിമാർ നിശ്ചയിച്ച് അതാത് ഫോറോനകളിൽ അറിയിക്കുന്നതാണ്.

**ഫാ. രാജൻ പുന്നക്കൽ**
**ഡയറക്ടർ**

# വിശ്വാസപരിശീലനകേന്ദ്രം

മാർച്ച് മാസത്തെ നിയോഗം: **അമ്പത് നോമ്പിന്റെ ചൈതന്യത്തിലേക്ക് വിശുദ്ധ യൗസേപ്പിതാവിനോടൊപ്പം**

1. **മാർച്ച് 12 – ഞായറാഴ്ച:**

a. ഒന്നാം ക്ലാസ്സ് മുതൽ ഒൻപതാം ക്ലാസ്സ് വരെയുള്ള കുട്ടികളുടെ പരീക്ഷയുടെ മാർക്ക്, ഇന്റേണൽ മാർക്ക്, ഹാജർ ശതമാനം എന്നിവ ഓൺലൈനിൽ രേഖപ്പെടുത്തേണ്ട അവസാന തീയതി.

b. രണ്ടാം സെമസ്റ്റർ പരീക്ഷയ്ക്ക് 80%ത്തിലധികം മാർക്ക് കിട്ടിയ ഉത്തരക്കടലാസുകളും മാർക്ക് ലിസ്റ്റും (IV - IX, XI) ഫൊറോന യിൽ എത്തിക്കേണ്ട അവസാന തീയതി. ഒന്നും രണ്ടും സെമസ്റ്റർ പരീക്ഷകൾക്ക് അതിരൂപതാതലത്തിൽ സ്കോളർഷിപ്പിന് അർഹരാകുന്ന കുട്ടികൾക്ക് 90 ശതമാനം മാർക്കും 90 ശതമാനം ഹാജറും ഉണ്ടാകണം.

c. ഇടവക കാറ്റിക്കിസം വാർഷിക റിപ്പോർട്ട് (2022-23) ഡിപ്പാർട്ടു മെന്റ് ഓഫീസിൽ എത്തിക്കേണ്ട അവസാന തീയതി.

2. **പരീക്ഷാഫലം:** X, XII മാർച്ച് 12-ാം തീയതി ശനിയാഴ്ചയോടെ ഫലങ്ങൾ ഓൺലൈനിൽ പ്രസിദ്ധീകരിക്കുന്നതാണ്.

3. **പുനഃപരീക്ഷ:** 10, 11, 12 ക്ലാസ്സുകളിലെ ഏതെങ്കിലും സെമസ്റ്റർ പരീക്ഷയ്ക്ക് പങ്കെടുക്കാതിരിക്കുകയോ, ജയിക്കുവാനുള്ള മാർക്കു ലഭിക്കാതിരിക്കുകയോ ചെയ്താൽ പുനഃപരീക്ഷയിൽ പങ്കെടുക്കാം. കുട്ടിയ്ക്ക് താല്പര്യം ഉണ്ടെങ്കിൽ വികാരിയച്ചന്റെ കത്തോടെ, കുട്ടിയുടെ പേര്, രജിസ്റ്റർ നമ്പർ, ക്ലാസ്സ്, കോൺടാക്റ്റ് ചെയ്യുവാനുള്ള ഫോൺ നമ്പർ, 50 രൂപ ഫീസ് എന്നിവയുമായി 2023 ഏപ്രിൽ 01-നു മുൻപായി നേരിട്ടോ ഫൊറോന സെക്രട്ടറി വഴിയൊ ഡിപ്പാർട്ടുമെന്റ് ഓഫീസിൽ രജിസ്ട്രേഷൻ നടത്തേണ്ട താണ്. പുനഃപരീക്ഷയുടെ തീയതി പിന്നീട് അറിയിക്കുന്നതാണ്.

4. **ഫൊറോന കൺവെൻഷനുകൾ:** സോണൽ തലത്തിലുള്ള മീറ്റിങ്ങുകൾ ചില സാങ്കേതിക ബുദ്ധിമുട്ടുകൾമൂലം മാറ്റിവച്ചിരി ക്കുന്നു. ഇതിനുപകരം ഫൊറോന കൺവെൻഷനുകൾ അതത്

ഫൊറോനകളുടെ സൗകര്യാർത്ഥം ഡിപ്പാർട്ടുമെന്റ് ഓഫീസു മായി ആലോചിച്ചതിനുശേഷം നടത്താവുന്നതാണ്.

മാർച്ച് 05 - കൊരട്ടി ഫൊറോന
മാർച്ച് 26 - മഞ്ഞപ്ര ഫൊറോന
മാർച്ച് 26 - ഇടപ്പള്ളി ഫൊറോന

5. **ഇന്റൻസീവ് ബൈബിൾ കോഴ്സ്:** നമ്മുടെ അതിരൂപതയിലെ 27-ാമത് IBC യുടെ ഒരുക്കമായി അതിരൂപതാകേന്ദ്രം 'നന്മയിൽ വളരാം' എന്ന വിഷയത്തെ ആസ്പദമാക്കി കുട്ടികൾക്കുള്ള Hand Book തയ്യാറാക്കുന്നതാണ്. വിശ്വാസപരിശീലനത്തിന്റെ ഭാഗമായി ട്ടുള്ള വേനൽക്കാലാവധിയിലെ കാറ്റിക്കിസം പ്രോഗ്രാമായ IBC യുടെ അതിരൂപതാതലത്തിലുള്ള ഉദ്ഘാടനം 2023 മാർച്ച് 25-ാം തീയതി നിർവ്വഹിക്കുന്നതാണ്. IBC ഓരോ ഇടവകയുടെയും സാഹചര്യവും സമയവുമനുസരിച്ച് സജീവമായി നടത്തുവാൻ ഇടവകകൾക്കുതന്നെ തീയതികൾ ക്രമീകരിക്കാവുന്നതാണ്. ഓരോ ഇടവകയ്ക്കും ആവശ്യമായ പുസ്തകത്തിന്റെ എണ്ണം നൽകേണ്ടതാണ്. പുസ്തകം തയ്യാറാക്കി കഴിയുമ്പോൾ വിവരം അറിയിക്കുന്നതായിരിക്കും.

   2023-ലെ ഇന്റൻസീവ് ബൈബിൾ കോഴ്സിന് ഒരുക്കമായി Action Song Lyrics Competition നടത്തി. 'നന്മയിൽ വളരാം' എന്ന വിഷ യത്തെ ആസ്പദമാക്കിയായിരുന്നു മത്സരം. മത്സരങ്ങളുടെ ഫലം പിന്നീട് അറിയിക്കുന്നതായിരിക്കും.

6. **ലോഗോ ഡിസൈനിംങ് മത്സരം:** കാറ്റിക്കിസം 2023-24 ലോഗോ ഡിസൈനിങ് മത്സരം. "നന്മയിൽ വളരാം" എന്ന വിഷയത്തെ ആസ്പദമാക്കിയാണ് മത്സരം.

7. **അഗാപ്പെ/Get together:** ഒന്നു മുതൽ ഒൻപതുവരെയുള്ള ക്ലാസ്സുകളിൽ ഫെബ്രുവരി 26-ാം തീയതി ഞായറാഴ്ച അഗാപ്പെ/ Get together നടത്തി. ഇത് സാധിക്കാത്ത ഇടവകകൾ കുട്ടികളെ ഏറ്റവും അടുത്തുവരുന്ന ഞായറാഴ്ചകളിൽ ഒരുമിച്ചുകൂട്ടണം.

8. ഡിപ്ലോമ രണ്ടാംവർഷ വിദ്യാർത്ഥികളുടെ വിശ്വാസപ്രഖ്യാപനം ഇടവകയുടെ സാഹചര്യമനുസരിച്ച് സൗകര്യപ്രദമായ ദിവസം നടത്തി കാണുമല്ലൊ. ഇനിയും നടത്താത്തവർ ഉണ്ടെങ്കിൽ എത്രയും വേഗം നടത്തുമല്ലൊ.

9. **വിശ്വാസപരിശീലകരുടെ കൺവെൻഷൻ:** ഫെബ്രുവരി 11 ശനിയാഴ്ച ചേർത്തല ഫൊറോന വിശ്വാസപരിശീലകരുടെ കൺവെൻഷൻ മുട്ടം സെന്റ് മേരീസ് പള്ളിയിൽ രാവിലെ 10.00 മണി മുതൽ വൈകീട്ട് 4.00 മണി വരെ നടന്നു. ഇതിൽ 250-ഓളം വിശ്വാസപരിശീലകർ പങ്കെടുത്തു.

10. **നന്ദിയും സ്വാഗതവും:** അതിരൂപതാ വിശ്വാസപരിശീലനവിഭാഗത്തിന്റെ അസി. ഡയറക്ടർ ആയി സേവനം ചെയ്ത ബഹുമാനപ്പെട്ട ജോസ് വടക്കൻ അച്ചന് നന്ദി. 2023 ജനുവരി 28-ാം തീയതി മുതൽ അസി. ഡയറക്ടർ ആയി ചുമതലയേറ്റ ബഹുമാനപ്പെട്ട ആന്റണി നടുവത്തുശ്ശേരി അച്ചന് സ്നേഹോഷ്മളമായ സ്വാഗതം.

11. ഒന്നാം ക്ലാസ്സ് മുതൽ മൂന്നാം ക്ലാസ്സ് വരെയുള്ള കുട്ടികളുടെ സാധ്യതാചോദ്യങ്ങളുടെ വീഡിയോകളും, നാലാം ക്ലാസ്സ് മുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്കുള്ള പൊതുചോദ്യങ്ങളുടെയും സത്യദീപത്തിന്റെയും ഉപന്യാസത്തിന്റെയും സാധ്യതാ ചോദ്യങ്ങളും അടങ്ങിയ വീഡിയോകൾ catechismernakulam YouTube Channel-ൽ Publish ചെയ്യുകയുണ്ടായി. കൂടാതെ 1, 2, 3 ക്ലാസ്സ്വരെയുള്ള കുട്ടികളുടെ സാധ്യതാചോദ്യങ്ങളുടെയും പൊതുചോദ്യങ്ങളുടെയും PDF ഉം നൽകി.

12. ഒന്നാം ക്ലാസ്സുമുതൽ ഒൻപതാം ക്ലാസ്സുവരെയുള്ള കുട്ടികളുടെ പരീക്ഷ 2023 ഫെബ്രുവരി 19-ാം തീയതി ഞായറാഴ്ച രാവിലെ 10.30 മുതൽ 12.30 വരെ അതത് ഇടവകകളിൽ നടത്തി.

13. സംസ്ഥാനതല സന്മാർഗബോധന സ്കോളർഷിപ്പ് പരീക്ഷ: IV, VII, X & XII റഗുലർ ക്ലാസ്സുകളിലെ കുട്ടികൾക്കായുള്ള സ്കോളർഷിപ്പ് പരീക്ഷ 2023 ഫെബ്രുവരി 11 ശനിയാഴ്ച രാവിലെ 10.00 മണി മുതൽ 12.00 മണി വരെ 13 സെന്ററുകളിലായി നടത്തി.

ഈ പരീക്ഷകളുടെ സുഗമമായ നടത്തിപ്പിന് ഫൊറോന ഡയറക്ടർ അച്ചന്മാർ, വികാരിയച്ചന്മാർ, ഫൊറോന സെക്രട്ടറി സിസ്റ്റേഴ്സ്, പ്രൊമോട്ടേഴ്സ്, പ്രധാനാധ്യാപകർ, വിശ്വാസപരിശീലകർ, മാതാപിതാക്കൾ എന്നിവർ ചെയ്ത എല്ലാ സഹായസഹകരണങ്ങൾക്കും പ്രത്യേകം നന്ദി അറിയിക്കുന്നു.

**ഫാ. പീറ്റർ കണ്ണമ്പുഴ**
**ഡയറക്ടർ**

ഫാമിലി അപ്പോസ്തലേറ്റ്

Renewal Centre, Azad Road, Kaloor. Tel: 0484-2533077, 9387074643
Jeevalaya Family Park, Chengal, Kalady 683574. Tel: 0484-2462607, 8281544111
Vaikom: 9495411200
Web.www.jeevalaya.org, Email : jeevalayafamilypark@gmail.com

## 2023 മാർച്ച് – ഏപ്രിൽ

### വിവാഹഒരുക്ക ധ്യാനം (MPR)

മാർച്ച് 06–08 (കലൂർ)
മാർച്ച് 14–16 (കാലടി)
മാർച്ച് 28–30 (കാലടി)

ഏപ്രിൽ 03–05 (കലൂർ)
ഏപ്രിൽ 11–13 (കാലടി)
ഏപ്രിൽ 17–19 (കലൂർ)
ഏപ്രിൽ 18–20 (കാലടി)
ഏപ്രിൽ 25–27 (കാലടി)

NB: ധ്യാനം ബുക്ക് ചെയ്യാൻ www.jeevalaya.org സന്ദർശിക്കുക.

### ബേബിഷൈൻ ധ്യാനം (Contact: 8078334522)

മാർച്ച് 03–05

### അനുയാത്ര (ഓൺലൈൻ)

യുവദമ്പതികൾക്കുള്ള തുടർപരിശീലന പരിപാടി

മാർച്ച് 12

### ദമ്പതി ധ്യാനം (Contact: 8078334522)

മാർച്ച് 09–12

### യൂദിത്ത് ഷൈൻ വിധവാധ്യാനം (Contact: 9400836249)

മാർച്ച് 17–19

### ഫാമിലി ഔവർ

മാർച്ച് 04 – യൂദിത്ത്ഫോറം
മാർച്ച് 18 – എം. സി. സി.

**സ്നേഹജ്വാല ദമ്പതീധ്യാനം**

മാർച്ച് 10-12 വേങ്ങൂർ

**കുടുംബനവീകരണ ധ്യാനം**

മാർച്ച് 24-26 മാതാനഗർ
മാർച്ച് 27-29 ചൂണ്ടി
മാർച്ച് 30 - ഏപ്രിൽ 01 വാഴക്കാല

**ഫാ. ജോസഫ് മണവാളൻ**
**ഡയറക്ടർ**

---

## Department of Evangelization &Prayer Groups

ഇവാഞ്ചലൈസേഷൻ ടീമിന്റെ നേതൃത്വത്തിൽ 50 നോമ്പ് കാലത്ത് 'ഈശോ സ്പർശ ധ്യാനം' നടത്തുന്നതിനുള്ള ഇടവക ധ്യാന ടീമുകൾ തയ്യാറായിരിക്കുന്നു. ഇടവകയിൽ ധ്യാനം നടത്താൻ ആഗ്രഹിക്കുന്ന ബഹുമാനപ്പെട്ട വികാരിയച്ചന്മാർക്ക് ബന്ധപ്പെടാവുന്നതാണ്.

**ധ്യാനങ്ങൾ**

| | | |
|---|---|---|
| മാർച്ച് | 20, 21, 22 | - പെരിയാർമുഖം |
| മാർച്ച് | 23, 24, 25 | - ഏഴാറ്റുമുഖം |
| മാർച്ച് | 27, 28, 29 | - കൊല്ലക്കോട് |
| മാർച്ച് | 30, 31 ഏപ്രിൽ 1 | - കിഴക്കമ്പലം |
| മാർച്ച് | 30, 31 ഏപ്രിൽ 1 | - ഇടപ്പള്ളി |
| ഏപ്രിൽ | 2, 3, 4 | - തുതിയൂർ |

**മധ്യസ്ഥ പ്രാർത്ഥന യോഗം**

മാർച്ച് 1-ാം തീയതി റിന്യൂവൽ സെന്ററിൽ ഉച്ചകഴിഞ്ഞ് 2.00 മുതൽ 4.30 വരെ നടത്തപ്പെടുന്നതാണ്.

**ഫാ. ജോസഫ് താമരവെളി**
**ഡയറക്ടർ**

# നൈപുണ്യ ഇന്റർനാഷണൽ

## 1) നൈപുണ്യ ഇന്റർനാഷണൽ, കോർപ്പറേറ്റ് ഓഫീസ്

**Contact: 9446339966, 0484-2381947, 9947489966**

- **Overseas Education - Work/Study Abroad**

  Attn: + 2 students & graduates - golden opportunity awaits you!

- Study, work & settle in your dream destinations- Canada, UK, Germany, Ireland, Australia & New Zealand and other exciting countries.
- September 2023 intake is open. Apply immediately.
- IELTS offline & online classes (New batches on all Mondays)
- German Nursing-Free German Training, Free Recruitment - Call: 9446491688

  8075351244 Send your CV and Transcript to placement.isg@gmail.com
- UK Nursing Free Recruitment
- Ireland Nursing, Apply Immediately.

- **NICE (Naipunnya International Communicative English)**

- ഇംഗ്ലീഷ് ഭാഷ അനായാസം തെറ്റില്ലാതെ കൈകാര്യം ചെയ്യാൻ ഏവരെയും ഒരുക്കുന്ന കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ബാച്ച് പഠനം തുടരുന്നു. 30 ദിവസങ്ങളിലെ സിലബസ് തയ്യാറാക്കി പഠിപ്പിക്കുന്നു. പഠിതാക്കൾക്ക് ടെക്സ്റ്റ് നൽകുന്നു. ഓൺലൈൻ & ഓഫ് ലൈൻ ബാച്ചിലേക്ക് താല്പര്യമുള്ള Students, Parents, Employees നെ സ്വാഗതം ചെയ്യുന്നു. അവധിക്കാല കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ക്ലാസ്സ് 2023 ഏപ്രിൽ മാസം ആരംഭിക്കുന്നതാണ്.

## 2) നൈപുണ്യ അക്കാദമി, റിന്യൂവൽ സെന്റർ, കലൂർ

**Contact: 9544919144 , 0484-4029144**

- **മാർച്ച് മാസത്തിലെ പ്രോഗ്രാമുകൾ**

1. ഇറ്റാലിയൻ കോഴ്സ് ഓഫ്ലൈൻ ബാച്ചുകൾ (A1, A2)
2. ജർമ്മൻ കോഴ്സ് ഓഫ്ലൈൻ ബാച്ച് (B1 ) മാർച്ച് 6-ന് ആരംഭിക്കുന്നു.
3. ജർമ്മൻ കോഴ്സ് ഓഫ്ലൈൻ ബാച്ച് (B2.1 ) മാർച്ച് 15-ന് ആരംഭിക്കുന്നു.

4. ജർമ്മൻ കോഴ്സ് ഓഫ്‌ലൈൻ ബാച്ച് (A2 ) മാർച്ച് 20-ന് ആരംഭിക്കുന്നു.
5. സ്പാനിഷ് കോഴ്സ് ഓൺലൈൻ ബാച്ചുകൾ (A1 & A2) മാർച്ച് 6-ന് ആരംഭിക്കുന്നു.
6. സിവിൽസർവീസ് റെഗുലർ, ഓറിയന്റേഷൻ, ഫൗണ്ടേഷൻ & സൺഡേബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിക്കുന്നു (2023-2024)
7. സിവിൽ സർവീസ് ഔട്ട്റീച്ച് പ്രോഗ്രാമുകൾ തുടരുന്നു.
8. 8, 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായുള്ള NICSA 2022-2023 സ്പെഷ്യൽ സിവിൽ സർവീസ് പ്രോഗ്രാമുകളിലേക്കുള്ള അഡ്മിഷൻ തുടരുന്നു.

## 3) നൈപുണ്യ അക്കാദമി, തൃക്കാക്കര

**Contact: 9544919133, 9947349966**

- **Programs (MARCH)**

- UGC NET PAPER I & PAPER II (Offline)
- BANK and SSC coaching Regular - offline (new admission all Mondays)
- PSC -Offline (new admission all Mondays)
- IELTS -Regular & Offline (all Mondays new batch)

## 4) നൈപുണ്യ ഇന്റർനാഷണൽ, L.F. കാമ്പസ്, അങ്കമാലി

**Contact: 9544919155, 9633338433**

IELTS, OET തുടങ്ങി വിദേശ വിദ്യാഭ്യാസത്തിനും നഴ്സിംഗ് ജോലികൾക്കും ആവശ്യമായ ഇംഗ്ലീഷ് ടെസ്റ്റ് പരിശീലന പരിപാടി നടത്തി വരുന്നു. വിദേശ രാജ്യങ്ങളിൽ ഉന്നത വിദ്യാഭ്യാസം സാധ്യമാക്കുവാൻ എല്ലാവിധ സഹായങ്ങളും ലഭ്യമാക്കുന്ന Overseas Education Consultancy ആയും പ്രവർത്തിച്ചു വരുന്ന Naipunnya International Angamaly Branch -ൽ നിന്നും നിരവധി കുട്ടികൾ വിദേശ വിദ്യഭ്യാസം സാധ്യമാക്കിവരുന്നു. കൂടാതെ, കോളേജുകൾ കേന്ദ്രീകരിച്ചുള്ള വിദേശ വിദ്യഭ്യാസ പരിശീലന പരിപാടികളും നടത്തി വരുന്നു.

## 5) നൈപുണ്യ ഇന്റർനാഷണൽ, പാലാ

**Contact: 0482-2201546, 9947855132**

- For Overseas Education & Counselling

**ഫാ. സജി കണ്ണാപറമ്പൻ**
**ഡയറക്ടർ**

# സഹൃദയ
(അതിരൂപതാ സാമൂഹ്യപ്രവർത്തന വിഭാഗം)

## ആശ്വാസ് ഇൻഷുറൻസ് 2023

സ്റ്റാർ ഹെൽത്ത് ഇൻഷുറൻസ് കമ്പനിയുമായി സഹകരിച്ച് നടപ്പാക്കി വരുന്ന ആശ്വാസ് ഇൻഷുറൻസ് പദ്ധതിയിൽ അംഗത്വമുള്ളവർക്ക് പുതുക്കുന്നതിനും പുതിയ അംഗങ്ങൾക്ക് ചേരുന്നതിനും മാർച്ച് 10 വരെ സമയമുണ്ട്. രോഗപരിശോധനകളൊന്നും കൂടാതെ അംഗത്വം ലഭിക്കുന്ന ഈ പദ്ധതിയിൽ ചേരുന്നതിന് 18 വയസുമുതൽ 55 വയസുവരെ പ്രായമുള്ള ഒരാൾക്ക് പ്രീമിയം 5600 രൂപയും 55 മുതൽ 65 വയസ്സു വരെയുള്ള ഒരാൾക്ക് 7400 രൂപയും 65 നും 85 നും ഇടയിൽ പ്രായമുള്ള ഒരാൾക്ക് 7800 രൂപയുമാണ്. ഒരുവർഷത്തിനുള്ളിൽ രണ്ടു ലക്ഷം രൂപവരെ ചികിത്സ സഹായം നിബന്ധനകൾക്ക് വിധേയമായി ലഭിക്കുന്നു. വിശദവിവരങ്ങളടങ്ങിയ നോട്ടീസും അപേക്ഷ ഫോമുകളും ഇടവകകളിൽ എത്തിച്ചിട്ടുണ്ട്.

## സഹൃദയ വാർഷിക ജനറൽ ബോഡി യോഗം

സഹൃദയ, പൊന്നുരുന്നി കാർഡിനൽ പാറേക്കാട്ടിൽ ഹാളിൽ സംഘടിപ്പിച്ച വാർഷിക പൊതുയോഗത്തിൽ അതിരൂപതാ വികാരി ജനറാൾ ഫാ. വർഗീസ് പൊട്ടയ്ക്കൽ അധ്യക്ഷത വഹിച്ചു. സഹൃദയ എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജോസ് കൊളുത്തുവെള്ളിൽ പ്രവർത്തന റിപ്പോർട്ടും, ട്രഷറർ ഫാ. സിബിൻ മനയമ്പിള്ളി വാർഷിക കണക്കുകളും അവതരിപ്പിച്ചു.

## ഉപജീവന സംരംഭ വികസന പദ്ധതി പഠനാനന്തര പരിശീലനം

സഹൃദയ നബാർഡിന്റെ സഹകരണത്തോടെ നടത്തിവരുന്ന ഉപജീവന സംരംഭ വികസന പദ്ധതിയുടെ ഭാഗമായി കാലടി, കാഞ്ഞൂർ, ചൊവ്വര, ശ്രീമൂലനഗരം, വെള്ളാരപ്പിള്ളി, മഞ്ഞപ്ര, പ്രദേശങ്ങളിലെ തിരഞ്ഞെടുത്ത കർഷകർക്കായി ആധുനിക കൃഷി രീതികളെ കുറിച്ചും, ജൈവ കൃഷി, തേനീച്ച വളർത്തൽ, കൂൺകൃഷി, കർഷക കൂട്ടായ്മയുടെ ആവശ്യകത എന്നിവയെക്കുറിച്ചും പഠനാനന്തര പരിശീലന പരിപാടി കാലടി സെന്റ് ജോർജ് പാരിഷ് ഹാളിൽ സംഘടിപ്പിച്ചു.

## കൊന്തനിർമ്മാണ പരിശീലനം

ശാന്തിപുരം വില്ലേജിലെ സ്വയംസഹായ സംഘാംഗങ്ങൾക്കായി കൊന്തനിർമ്മാണ പരിശീലനം ശാന്തിപുരം സെന്റ് തോമാസ് ചർച്ച് പാരിഷ് ഹാളിൽ സംഘടിപ്പിച്ചു . 21 പേർ പരിശീലനം നേടി.

## റിപ്പബ്ലിക് ദിനാചരണം, ലഹരി വിരുദ്ധ ബോധവത്കരണം

ഡിസ്ട്രിക്ട് ലീഗൽ സർവീസ് അതോറിറ്റിയുടെയും, എറണാകുളം റെയിൽവേ ചൈൽഡ് ലൈനിന്റെയും സഹകരണത്തോടെ ക്രൈസ്റ്റ് കിംഗ് കോൺവെൻറ് സ്കൂളിൽ വച്ചു നടന്ന ശ്രദ്ധ - 2023 ഏകദിന ക്യാമ്പ് ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് പി. എസ് നിഷി ഉദ്ഘാടനം ചെയ്തു 'ലഹരിക്കെതിരെ ബോധവത്കരണം നൽകുക' എന്നതായിരുന്നു ക്യാമ്പിന്റെ ആശയം. 100 കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു.

## സഹൃദയ ഫെസ്റ്റ്

കളമശ്ശേരി സെന്റ്. ജോസഫ് ഇടവകയിൽ സഹൃദയ ഫെസ്റ്റ് നടത്തി.

## ദുരന്തനിവാരണ വിലയിരുത്തൽ പഠനം

സഹൃദയയുടെ സഹകരണത്തോടെ റിലയൻസ് ഫൗണ്ടേഷൻ എടവനക്കാട് പഞ്ചായത്തിലെ ഒൻപതാം വാർഡിൽ ദുരന്തനിവാരണ വിലയിരുത്തൽ പഠനം സംഘടിപ്പിച്ചു. 52 പുരുഷ വനിത മത്സ്യത്തൊഴിലാളികൾ പങ്കെടുത്തു.

## കിച്ചൻ പാർട്ട്ണേഴ്സ്

വീടുകളിൽ ഉണ്ടാക്കുന്ന രുചിയൂറുന്ന ഭക്ഷണ വൈവിധ്യങ്ങൾ ഡെലിവറി പ്ലാറ്റ്ഫോമുകളിലൂടെ ജനങ്ങൾക്ക് മുന്നിലെത്തിക്കുന്ന ഷീറോ ഹോം ഫുഡിന്റെ ബോധവൽക്കരണ ക്ലാസ് ഇടപ്പള്ളി മരണസഹായ സംഘം ഹാൾ, തുതിയൂർ സെന്റ് ജോസഫ് ചർച്ച് പാരീഷ് ഹാൾ എന്നിവിടങ്ങളിൽ സംഘടിപ്പിച്ചു.

## പ്രഥമ ശുശ്രൂഷ പരിശീലന ക്യാമ്പ്

സഹൃദയ - ആസ്റ്റർ മെഡിസിറ്റിയുടെ സഹകരണത്തോടെ പ്രഥമ ശുശ്രൂഷ പരിശീലന ക്യാമ്പ് കൊല്ലക്കോട് ഉണ്ണി മിശിഹാ പള്ളി, പ്രസാദഗിരി എന്നിവിടങ്ങളിൽ സംഘടിപ്പിച്ചു.

## സി.പി.ആർ. പരിശീലകർക്കായി ട്രെയിനിങ്

സഹൃദയ-ആസ്റ്റർമെഡിസിറ്റിയുടെ സഹകരണത്തോടെ അങ്കമാലി, മുഴിക്കുളം, കൊരട്ടി എന്നീ ഫൊറോനകളിൽ നിന്നുള്ള സി.പി.ആർ. പരിശീലകർക്കായി ഏകദിന ബേസിക് ലൈഫ് സപ്പോർട്ട് ട്രെയിനിങ് നടത്തി.

## കാൻസർ ദിനാചരണം

കാൻസർ ദിനാചരണത്തിന്റെ ഭാഗമായി സഹൃദയ-വിൻസെൻഷ്യൻ സർവീസ് സൊസൈറ്റിയുടെ സഹകരണത്തോടെ കാൻസർ അവബോ

ധന ക്ലാസ്സും കേശദാനവും അങ്കമാലി ഡി പോൾ കോളജിൽ സംഘടിപ്പിച്ചു. 38 സന്നദ്ധർ കേശദാനം ചെയ്തു.

**ഗോബർധൻ പദ്ധതി**

എരുമേലി ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ പോലീസ് ക്യാമ്പിൽ ഗോബർധൻ പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്ന ബയോഗ്യാസ് പ്ലാന്റിന്റെ നിർമാണം ആരംഭിച്ചു. സഹൃദയ ടെക്കിന്റെ നേതൃത്വത്തിലാണ് നിർമാണ പ്രവർത്തനങ്ങൾ.

**കോഴിയും കൂടും വിതരണം**

സഹൃദയ കൊച്ചിൻ ഷിപ് യാർഡുമായി സഹകരിച്ചു ഭിന്നശേഷിക്കാർക്കായി നടപ്പിലാക്കുന്ന സ്വയംതൊഴിൽ പദ്ധതിയുടെ ഭാഗമായി പള്ളിപ്പുറം ഫൊറോനാ പാരീഷ് ഹാളിൽ സംഘടിപ്പിച്ച യോഗത്തിൽ 25 കുടുംബങ്ങൾക്ക് കോഴിയും കൂടും വിതരണം ചെയ്തു.

**ഭിന്നശേഷിക്കാർക്കായി സ്വയം തൊഴിൽ പരിശീലനം**

ഭിന്നശേഷിക്കാർക്കായി സ്വയം തൊഴിൽ പരിശീലനം വൈക്കം വെൽഫെയർ സെന്ററിൽ നടത്തി 17 പേർ പങ്കെടുത്തു.

**തയ്യലിൽ വിദഗ്ധ പരിശീലനം**

സഹൃദയ, സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി വി ഗാർഡിന്റെ സഹകരണത്തോടെ നടപ്പാക്കുന്ന വനിതകൾക്കുള്ള വിദഗ്ധ തയ്യൽ പരിശീലനത്തിനു ചേർത്തല മേഖലാ ഓഫീസിൽ തുടക്കമായി. മുപ്പതു പേർക്ക് ആധുനിക തയ്യൽ രീതികളിൽ 15 ദിവസം നീണ്ടു നിൽക്കുന്ന പരിശീലനമാണ് നൽകുന്നത്.

**സ്വയം സഹായ സംഘങ്ങളുടെ സംയുക്ത വാർഷികം**

പുത്തൻകുരിശ് ഫെഡറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്വയം സഹായ സംഘങ്ങളുടെ സംയുക്ത വാർഷികം നടത്തി. നാല് സംഘങ്ങൾക്കായി 860000 രൂപ വായ്പാമേളയും സംഘടിപ്പിച്ചു.

കടവന്ത്ര, പെരുമാനൂർ ഇടവകകളിൽ പ്രവർത്തിക്കുന്ന മൂന്ന് സംഘങ്ങളിൽ ഗ്രേഡിങ് നടത്തി. വിവിധ സ്വയംതൊഴിൽ പദ്ധതികളുടെ വിപുലീകരണത്തിനായി 9,60,000/ രൂപ വിതരണം നടത്തി. മുന്നൂർപ്പിള്ളി ഇടവകയിൽ രണ്ട് സ്വയം സഹായ സംഘങ്ങൾക്ക് ഗ്രേഡിങ് നടത്തി. വിവിധ സ്വയംതൊഴിൽ പദ്ധതികളുടെ വിപുലീകരണത്തിനായി നാല് ലക്ഷം രൂപ വിതരണം നടത്തി.

**മികച്ച സന്നദ്ധ പ്രവർത്തകനുള്ള കാരിത്താസ് ഇന്ത്യ പുരസ്കാരം**

ദക്ഷിണേന്ത്യയിലെ മികച്ച സാമൂഹിക സന്നദ്ധ പ്രവർത്തകന് സി.ബി.സി.ഐ. - കാരിത്താസ് ഇന്ത്യ ഏർപ്പെടുത്തിയ 'വോളനേഷ്യ 2022' പുരസ്കാരത്തിന് ചേർത്തല മുട്ടം ഫൊറോനാ ഇടവകാംഗമായ സഹൃദയ സമരിറ്റൻസ് പ്രവർത്തകൻ ജിബിൻ ജോസ് കുന്നുംപുറം അർഹനായി. കോവിഡ് ബാധിച്ചു മരിച്ച അറുപതിലേറെപേരുടെ മൃതസംസ്കാരകർമങ്ങൾക്ക് നേതൃത്വം നൽകിയതും കാൻസർ രോഗികളെയും മറ്റും സഹായിക്കുവാനായി നടത്തിയ പരിശ്രമങ്ങൾ പരിഗണിച്ചുകൊണ്ടുമാണ് ജിബിൻ ജോസിനെ ഈ അവാർഡിന് തെരഞ്ഞെടുത്തത്. സഹൃദയ വാർഷിക ജനറൽ ബോഡി യോഗത്തിൽ വച്ച് അതിരൂപതാ വികാരി ജനറാൾ ഫാ. വർഗീസ് പൊട്ടയ്ക്കൽ ജിബിൻ ജോസിനെ ആദരിച്ചു.

**ഭിന്നശേഷിക്കാർക്കായി ബോധവത്കരണ ക്ലാസ്**

സഹൃദയയുടെ നേതൃത്വത്തിൽ ഭിന്നശേഷിക്കാർക്കായി എംപ്ലോയ്മെന്റ് രജിസ്ട്രേഷനും ഗവൺമെൻറ് ആനുകൂല്യങ്ങളും എന്ന വിഷയത്തെ ആസ്പദമാക്കി ബോധവൽക്കരണ ക്ലാസ്സ് സഹൃദയ പറവൂർ മേഖലാ ഓഫീസിൽ സംഘടിപ്പിച്ചു. പറവൂർ മേഖലയിലെ വിവിധ വില്ലേജുകളിൽ നിന്നായി 66 പേർ പങ്കെടുത്തു.

**മെഗാ മെഡിക്കൽ ക്യാമ്പ്**

സഹൃദയയും റോട്ടറി കൊച്ചിൻ മിഡ് ടൗൺ ക്ലബ്ബും വല്ലകം സെന്റ് മേരീസ് ഇടവകയും സംയുക്തമായി മെഗാ സൗജന്യ മെഡിക്കൽ ക്യാമ്പ് വല്ലകം പാരീഷ് ഹാളിൽ സംഘടിപ്പിച്ചു. ഗ്യാസ്ട്രോ, കാർഡിയോളജി, ഓങ്കോളജി, ജനറൽ മെഡിസിൻ, ഇ.എൻ.ടി., നേത്ര പരിശോധനാ വിഭാഗങ്ങളിലായി 400ലധികം പേർ ക്യാമ്പ് പ്രയോജനപ്പെടുത്തി. സൗജന്യ ഇ.സി.ജി, ലാബ് പരിശോധനകളും ക്യാമ്പിൽ ഉണ്ടായിരുന്നു.

**സൗജന്യ മെഡിക്കൽ ക്യാമ്പ്**

സഹൃദയയും ഇടപ്പള്ളി എം എ ജെ ആശുപത്രിയും , പൊന്നുരുന്നി ഡിഎൻഎ ഡൈഗനോസിസും ,കൊല്ലക്കോട് ഇൻഫന്റ് ജീസസ് ഇടവകയും സംയുക്തമായി സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. 130 പേർ ക്യാമ്പ് പ്രയോജനപ്പെടുത്തി.

**ഫാ. ജോസ് കൊളുത്തുവെള്ളിൽ**
**ഡയറക്ടർ**

# അതിരൂപതാ ഡയറി

## ആർച്ചുബിഷപ്പ് ആൻഡ്രൂസ് താഴത്ത്

**ഫെബ്രുവരി 2023**

10 ബാംഗ്ലൂർ ആർച്ചുബിഷപ് എമിരത്തൂസ് ഇഗ്നേഷ്യസ് പോൾ പിന്റോയുടെ മൃതസംസ്കാര കർമ്മത്തിൽ പങ്കെടുത്തു.

23-27 ബാങ്കോക്ക് FABC സെന്ററിൽ നടന്ന സിനഡാലിറ്റിയെക്കുറിച്ചുള്ള നടന്ന ഏഷ്യൻ കോണ്ടിനന്റൽ അസംബ്ലിയിൽ പങ്കെടുത്തു.

# *New Office-Bearers*

## Congregation of Saint Therese of Lisieux (CST Brothers)

### General Administration Team

| | | |
|---|---|---|
| Superior General | : | Bro. Joseph Kongola CST |
| Vicar General | : | Bro. Varghese Manjaly CST |
| General Councilors | : | Bro. Shaji Vazheparambil CST |
| | : | Bro. Tomy Njarakulam CST |
| | : | Bro. Joseph Mundumoozhikara CST |
| Finance Officer | : | Bro. Simon Cheramallookkaran CST |

### Sacred Heart Province, Thrikkakara

| | | |
|---|---|---|
| Provincial Superior | : | Bro. Joseph Antony Pathilchira CST |
| Assistant Provincial | : | Bro. Thomas Thekkethotty CST |
| Provincial Councilors | : | Bro. Jose Puthiyedath CST |
| | : | Bro. Antony Kalathil CST |
| | : | Bro. Savio Arackal CST |

***Congratulations and Prayerful Wishes to the New Office-Bearers***


Statement about Ownership and other Particulars
about Newspaper **ERNAKULAM MISSAM**

| | | | |
|---|---|---|---|
| 1. | Place of publication | | Ernakulam |
| 2. | Periodicity of its publication | | Monthly |
| 3. | Printer's | Name | Fr. Biju Varghese |
| | | Nationality | Indian |
| | | Address | Major Archbishop's House, Ernakulam P.B.No. 2580, Kochi 682031. |
| 4. | Publisher's | Name | Fr. Biju Varghese |
| | | Nationality | Indian |
| | | Address | Major Archbishop's House, Ernakulam P.B.No. 2580, Kochi 682031. |
| 5. | Editor's | Name | Fr. Biju Varghese |
| | | Nationality | Indian |
| | | Address | Major Archbishop's House, Ernakulam P.B.No. 2580, Kochi 682031. |
| 6. | Name and address of individual who own the newspaper and partners or shareholders holding more than one percent of the total capital | | Archbishop of Ernakulam Major Archbishop's House, Ernakulam P.B.No. 2580, Kochi 682031. |

I, Fr. Biju Varghese, hereby declare that the particulars given above are true to the best of my knowledge and belief.

Sd/-
Publisher

Date: 01/03/2023



RNI No. 3421/57
Date of Publication: 01-03-2023
Registered: KL/EKM/748/2022-24
Annual Subscription ₹ 150
Per Copy ₹ 15

ERNAKULAM-ANGAMALY MAJOR ARCHEPARCHIAL BULLETIN

# ERNAKULAM MISSAM



Printed and Published by Fr. Biju Varghese for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524, Lisie Hospital Road, Ernakulam District, Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.
Editor: Fr. Biju Varghese.
www.ernakulamarchdiocese.org